# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.16/903/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 29/07/2022
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.16/903/2022 തീയ്യതി: 29/07/2022

## കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-06-2021 മുതൽ 12-06-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2020 മുതൽ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 36 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 26 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സാബു.പി.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 13-06-2022 | 20-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 13-06-2022 | 20-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ഷൈമകുമാരി എസ്.എൽ., ഓഡിറ്റ് ഓഫീസർ
ശ്രീമതി നിഷ കെ., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി വനജ മാടത്താൻകണ്ടി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി നിഖില എ.എം., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ഓമന.ഇ.പി | പ്രസിഡന്റ് | 01-04-2020 | 05-12-2020 |
| ശ്രീ.ബാലകൃഷ്ണൻ.ടി.ടി | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.പ്രകാശൻ.കെ.വി | സെക്രട്ടറി | 01-04-2020 | 08-06-2020 |
| ശ്രീമതി.രമ.എം.എം | സെക്രട്ടറി | 09-06-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ശ്രീജയ.ടി.പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ.കൃഷ്ണദാസ്,പി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 26-02-2021 |
| ശ്രീമതി.ശ്രേണി | അസിസ്റ്റന്റ് എഞ്ചിനീയർ | 27-02-2021 | 31-03-2021 |
| ശ്രീമതി.ലത.പി | കൃഷി ഓഫീസർ | 01-04-2020 | 23-07-2020 |
| ശ്രീ.പ്രമോദ്.ഇ | കൃഷി ഓഫീസർ | 24-07-2020 | 31-03-2021 |
| ശ്രീമതി.ജീജ.സി.കെ | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീമതി.സുനന്ദ.എം | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീമതി.രശ്മി.മാത്യു | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2020 | 31-08-2020 |
| ശ്രീമതി.ഭാവന രമേഷ് | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-09-2020 | 31-03-2021 |
| ഡോ.ബിന്ദു പ്രശാന്ത് | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| ഡോരാമചന്ദ്രൻ.എ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2020 | 30-06-2020 |
| ഡോ.സുധീർ.ഇ.വി | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-07-2020 | 21-02-2021 |
| ഡോ.രമ.എസ് | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 22-02-2021 | 31-03-2021 |
| ശ്രീമതി.ശൈലജ ചെല്ലട്ടൻ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ.മൈക്കിൾ കെ ജെ | ഹെഡ് മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീ.രാജേഷ്.സി.കെ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2020 | 31-03-2021 |
| ശ്രീമതി.ലേഖ.പി.കെ | മെഡിക്കൽ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| | ഓഫീസർ(ഹോമിയോ) | | |
| ശ്രീ.ജോസ് ജയകുമാർ | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |

06.12.2020 മുതൽ 29.12.2020 വരെയുള്ള കാലയളവിൽ, സെക്രട്ടറി, കൃഷി ഓഫീസർ, അസി.എഞ്ചിനീയർ എന്നിവർ ഉൾപ്പെടുന്ന അഡ്മിനിസ്ട്രേറ്റീവ കമ്മിറ്റിയാണ് ഭരണനിർവ്വഹണം നടത്തിയിരിക്കുന്നത്

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Shyma Kumari S.L (Audit Officer, On 17-06-2022)<br>Last Updated By: Rajilan M.C (Deputy Director, On 29-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Shyma Kumari S.L (Audit Officer, On 17-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-07-2022) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക- (Ilgms)അപാകങ്ങൾ<br>Written By: Vanaja Madathankandi (Senior Grade Auditor, On 21-06-2022)<br>Last Updated By: Rajilan M.C (Deputy Director, On 29-07-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Shyma Kumari S.L (Audit Officer, On 20-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 27-07-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Vanaja Madathankandi (Senior Grade Auditor, On 21-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Shyma Kumari S.L (Audit Officer, On 20-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 27-07-2022) | 1-5 |
| 7 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി<br>Written By: Shyma Kumari S.L (Audit Officer, On 17-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 27-07-2022) | 1-6 |
| 8 | മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി-തൊഴിൽ വിവരങ്ങൾ<br>Written By: Shyma Kumari S.L (Audit Officer, On 17-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-07-2022) | 1-6-1 |
| 9 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- മെറ്റീരിയിൽ ചെലവിന്റെ 2% നിരക്കിൽ.ജി.എസ്.ടി (ടി.ഡി.എസ്) കുറവ് ചെയ്യേണ്ടതാണ്.<br>Written By: Shyma Kumari S.L (Audit Officer, On 17-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-07-2022) | 1-6-2 |
| 10 | ക്ഷേമപെൻഷനുകൾ<br>Written By: Shyma Kumari S.L (Audit Officer, On 18-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 27-07-2022) | 1-7 |
| 11 | ക്യാഷ് ബാലൻസ് പരിശോധന സാക്ഷ്യപത്രം<br>Written By: Shyma Kumari S.L (Audit Officer, On 17-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 27-07-2022) | 1-8 |
| 12 | ഗ്രാമ സഭ<br>Written By: Shyma Kumari S.L (Audit Officer, On 17-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 27-07-2022) | 1-9 |
| 13 | ആഭ്യന്തര നിയന്ത്രണ സംവിധാനം<br>Written By: Shyma Kumari S.L (Audit Officer, On 17-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-07-2022) | 1-10 |
| 14 | മോട്ടോർ റണ്ണിങ്ങ് ഫീസ് ഈടാക്കിയില്ല<br>Written By: Nikhila A.M. (Auditor, On 20-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 27-07-2022) | 1-11 |
| 15 | പൊളിച്ചുകളയുന്ന കെട്ടിടങ്ങളിൽ നിന്ന് വസ്തു നികുതി ഈടാക്കുന്നതിലെ അപാകതകൾ<br>Written By: Nikhila A.M. (Auditor, On 18-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 27-07-2022) | 1-12 |
| 16 | കൂട്ടിച്ചേർക്കൽ വരുത്തിയ തറവിസ്തീർണ്ണം കൂടി ഉൾപ്പെടുത്തി വസ്തുനികുതി | 1-13 |

| | | |
|---|---|---|
| | പുനർനിർണ്ണയം നടത്തിയിട്ടില്ല<br>Written By: Nikhila A.M. (Auditor, On 18-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 27-07-2022) | |
| 17 | വിമുക്ത ഭടൻമാരുടെ വാസഗൃഹത്തിന് വസ്തുനികുതി ഇളവ് - സാക്ഷ്യപത്രം സമർപ്പിക്കാത്തവർക്ക് ഇളവ് നൽകിയത്<br>Written By: Nikhila A.M. (Auditor, On 18-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-07-2022) | 1-14 |
| 18 | വ്യാപാര സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു<br>Written By: Nikhila A.M. (Auditor, On 18-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 27-07-2022) | 1-15 |
| 19 | അനധികൃത നിർമ്മാണ രജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകങ്ങൾ<br>Written By: Nikhila A.M. (Auditor, On 18-06-2022)<br>Last Updated By: Shyma Kumari S.L (Audit Officer, On 18-06-2022) | 1-16 |
| 20 | ക്ഷേമ പെൻഷൻ അനുവദിച്ചതിലെഅപാകതകൾ<br>Written By: Nikhila A.M. (Auditor, On 19-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-07-2022) | 1-17 |
| 21 | വീട്ടുവളപ്പിൽ ബയോഫ്ലോക്ക് – രേഖകൾ ഹാജരാക്കിയിട്ടില്ല - ₹52,812 തടസ്സപ്പെടുത്തുന്നു<br>Written By: Nisha K (Senior Grade Auditor, On 20-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 27-07-2022) | 1-18 |
| 22 | വെറ്റിനറി സർജൻ നിർവഹണം നടത്തിയ ചുവടെ ചേർത്തിട്ടുള്ള പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല<br>Written By: Nisha K (Senior Grade Auditor, On 20-06-2022)<br>Last Updated By: Rajilan M.C (Deputy Director, On 29-07-2022) | 1-19 |
| 23 | അങ്കണവാടി പോഷകാഹാരം - അമൃതം ന്യൂട്രിമിക്സ് തുകയിൽ നിന്നും ജിഎസ്ടി-ടിഡിഎസ് കുറവ് ചെയ്തിട്ടില്ല<br>Written By: Nisha K (Senior Grade Auditor, On 20-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-07-2022) | 1-20 |
| 24 | ന്യൂട്രിമിക്സ് സാമ്പിൾ -പരിശോധന കൃത്യമായി നടത്തണം<br>Written By: Nisha K (Senior Grade Auditor, On 20-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-07-2022) | 1-21 |
| 25 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് - അനുവദനീയമായതിലും അധികം തുക 6500/-അനുവദിച്ചു.<br>Written By: Nisha K (Senior Grade Auditor, On 20-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-07-2022) | 1-22 |
| 26 | അങ്കണവാടികളുടെ ഭൌതിക സാഹചര്യം മെച്ചപ്പെടുത്തണം<br>Written By: Nisha K (Senior Grade Auditor, On 20-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-07-2022) | 1-23 |
| 27 | ക്യാഷ് ബുക്ക് സൂക്ഷിക്കുന്നില്ല<br>Written By: Nisha K (Senior Grade Auditor, On 20-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-07-2022) | 1-24 |
| 28 | മഴക്കാല പൂർവ്വ ശുചീകരണം - വൌച്ചറുകളും വിനിയോഗ വിവരങ്ങളും ലഭ്യമാക്കിയില്ല- ₹ 270000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Vanaja Madathankandi (Senior Grade Auditor, On 21-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-07-2022) | 1-25 |
| 29 | ഐ കെ എം ന് വിഹിതം നൽകൽ- വിനിയോഗ വിവരം ലഭ്യമാക്കിയില്ല.<br>Written By: Vanaja Madathankandi (Senior Grade Auditor, On 21-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-07-2022) | 1-26 |
| 30 | തനത് ഫണ്ട് പലിശരഹിത അക്കൗണ്ടിൽ സൂക്ഷിക്കുന്നത് - പലിശയിനത്തിൽ വരുമാന നഷ്ടമുണ്ടാകുന്നു.<br>Written By: Vanaja Madathankandi (Senior Grade Auditor, On 21-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-07-2022) | 1-27 |

| | | |
|---|---|---|
| 31 | കാലാവധിയ്ക്കകം പ്രവൃത്തി പൂർത്തീകരിക്കാത്തതിനു പിഴ ഈടാക്കിയിട്ടില്ല<br>Written By: Shyma Kumari S.L (Audit Officer, On 18-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-07-2022) | 1-28 |
| 32 | 16 മാസത്തിലധികം കാലയളവ് വൈകി പ്രവൃത്തി പൂർത്തീകരിച്ചത്- പിഴ ഒഴിവാക്കിയത് - സാധൂകരിച്ചത് അംഗീകരിക്കുന്നില്ല<br>Written By: Shyma Kumari S.L (Audit Officer, On 18-06-2022)<br>Last Updated By: Rajilan M.C (Deputy Director, On 29-07-2022) | 1-29 |
| 33 | ഇ-ടെണ്ടർ പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില പഞ്ചായത്ത് ഫണ്ടിൽ വരവ് വെക്കേണ്ടതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.<br>Written By: Shyma Kumari S.L (Audit Officer, On 20-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-07-2022) | 1-30 |
| 34 | ആദായനികുതി ഈടാക്കിയതിൽ കുറവ്<br>Written By: Shyma Kumari S.L (Audit Officer, On 18-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-07-2022) | 1-31 |
| 35 | റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കേണ്ടതാണ്.<br>Written By: Shyma Kumari S.L (Audit Officer, On 19-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 27-07-2022) | 1-32 |
| 36 | മരാമത്ത് പ്രവൃത്തികൾ ഒരു ഘട്ടത്തിൽ പോലും ഗുണമേന്മാ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല<br>Written By: Shyma Kumari S.L (Audit Officer, On 19-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 27-07-2022) | 1-33 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Shyma Kumari S.L (Audit Officer, On 17-06-2022)<br>Last Updated By: Rajilan M.C (Deputy Director, On 29-07-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Shyma Kumari S.L (Audit Officer, On 19-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-07-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ ഫണ്ട് വിവരങ്ങൾ<br>Written By: Shyma Kumari S.L (Audit Officer, On 17-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 27-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Shyma Kumari S.L (Audit Officer, On 17-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 27-07-2022) | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ്<br>Written By: Shyma Kumari S.L (Audit Officer, On 18-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-07-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപം<br>Written By: Shyma Kumari S.L (Audit Officer, On 17-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Shyma Kumari S.L (Audit Officer, On 17-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-07-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Shyma Kumari S.L (Audit Officer, On 17-06-2022)<br>Last Updated By: Shyma Kumari S.L (Audit Officer, On 17-06-2022) | 4-8 |

| | | |
|---|---|---|
| 9 | ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരങ്ങൾ<br>Written By: Shyma Kumari S.L (Audit Officer, On 17-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Shyma Kumari S.L (Audit Officer, On 20-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരങ്ങൾ<br>Written By: Shyma Kumari S.L (Audit Officer, On 17-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-07-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക ധനകാര്യ പത്രികകൾ | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

2020 മാർച്ച് 13ലെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ യോഗത്തിൽ 10569367.00 രൂപ മുൻബാക്കിയും 22653468 രൂപ വരവും 232033372രൂപ ചെലവും 5070675 രൂപ നീക്കിയിരിപ്പും പ്രതീക്ഷിക്കുന്ന കല്യാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ ബജറ്റ് ഭരണസമിതിയുടെ അംഗീകാരത്തിനായി ശുപാർശ ചെയ്തിരുന്നു. എന്നാൽ ശുപാർശ ചെയ്തതിൽനിന്നും വ്യത്യസ്തമായ ബജറ്റാണ് 24/3/2020 ലെ ബജറ്റ് സമ്മേളനയോഗത്തിൽ 1/91/2020 നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുള്ളത്. ബജറ്റ് തയ്യാറാക്കുന്നതും അംഗീകരിക്കുന്നതുമായ നടപടികൾ അവധാനതയോടെ കൈകാര്യം ചെയ്യേണ്ടതാണ്.

| | ബജറ്റ് തുക | പുതുക്കിയ ബജറ്റ് |
|---|---|---|
| മുൻബാക്കി | 10569367.00 | 27279933.57 |
| വരവ് | 227680680.00 | 132447701.00 |
| ആകെ വരവ് | 238250047.00 | 159727634.57 |
| ചെലവ് | 235538421.00 | 150782014.00 |
| നീക്കിയിരിപ്പ് | 2711626.00 | 8945620.57 |

ബജറ്റ് , പുതുക്കിയ ബജറ്റ് എന്നിവ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി അംഗീകരിച്ചിട്ടില്ല

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കുവാനായി തിരിച്ചയച്ച തീയതി |
|---|---|---|
| 31/7/2021 | 30/10/21 | തിരിച്ചയച്ചിട്ടില്ല |

സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക 16/8/2021 ലെ ഭരണസമിതി തീരുമാനം നമ്പർ 1/29/21 പ്രകാരം അംഗീകരിച്ചിട്ടുണ്ട്. 2020-21-ലെ വാർഷിക ധനകാര്യ പത്രിക IGLMS സോഫ്റ്റ് വെയറിലെ പ്രശ്നങ്ങൾ കാരണം നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ ലഭ്യമാക്കിയിരുന്നില്ല.

### 1-2-1 വാർഷിക ധനകാര്യ പത്രിക- (Ilgms)അപാകങ്ങൾ

2020-21 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയുടെ(ILGMS സംവിധാനം) പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. വിവിധ ആവശ്യങ്ങൾക്കായി സംസ്ഥാന സർക്കാരിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും ലഭ്യമായ പ്രത്യേകോദ്ദേശ്യ ഗ്രാന്റുകളിൽ അതാത് ആവശ്യങ്ങൾ നിർവ്വഹിച്ച ശേഷം ബാക്കിയായ തുക നാളിതുവരെ തിരിച്ചടച്ചിട്ടില്ല. - ബി 4 ഷെഡ്യൂൾ - ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| കോഡ് | ഹെഡ് | തുക |
|---|---|---|
| 320100181 | Total Sanitation Campaign | 1316261 |
| 320100196 | Integrated Child Development Scheme | 224807 |
| 320100197 | Literacy Scheme Grant | 103004 |
| 320100198 | Grant From Suchithwa Mission | 2274552 |

കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും ലഭിച്ച തുകയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി പൂർത്തിയാക്കിയിട്ടില്ല. ലഭിച്ച ഫണ്ടുകളിൽ ബാക്കി വരുന്നവ 2021-22 വർഷം പദ്ധതി ചെലവുകൾ നടന്നിട്ടുണ്ടെന്നും മിച്ചം വരുന്ന തുകകൾക്കാവശ്യമായ പ്രോജക്ടുകൾ 2022-23 വർഷം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നിർവ്വഹണം നടത്തുമെന്നമാണ് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (36/20-6-22) മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച ഫണ്ടുകൾ അതത് വർഷം തന്നെ ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2. അഡ്വാൻസ് രജിസ്റ്റർ, വായ്പ രജിസ്റ്റർ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ബി-18, ബി-5 ഷെഡ്യൂളുകളിൽ രേഖപ്പെടുത്തിയ തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

3. ഡിപ്രീസിയേഷൻ- കാൽക്കുലേഷൻ ഷീറ്റ് ഹാജരാക്കിയിട്ടില്ല.

4. കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് - വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

5. ആസ്തിമൂല്യം കണക്കാക്കിയതിന് അടിസ്ഥാനമാക്കിയ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

6. ബി 9 ഷെഡ്യൂളിൽ വിവിധ ഇനങ്ങളിലെ അഡ്വാൻസ് കളക്ഷനായി രേഖപ്പെടുത്തിയ തുകയുടെ ആധികാരികത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

7. ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും വിവിധ വർഷങ്ങളിലായി ലഭിച്ചതിൽ നീക്കിയിരിപ്പുള്ള തുകയുടെ വിശദാംശങ്ങൾ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

8. വാർഷിക കണക്കിൽ 2011-ലെ കേരള പഞ്ചായത്ത് ആക്ട് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 62(2), 62(f) എന്നിവയിൽ നിർദ്ദേശിച്ചിരിക്കുന്ന സാമ്പത്തിക അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

9. 2011-ലെ കേരള പഞ്ചായത്ത് ആക്ട് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 62(4) ൽ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം ധനകാര്യ പത്രികയിലെ തുകകൾ പൂർണ്ണ രൂപയിൽ രേഖപ്പെടുത്തിയിട്ടില്ല.

10. വാർഷിക ധനകാര്യ പത്രികയിൽ മുൻവർഷത്തെ താരതമ്യതുകകൾ രേഖപ്പെടുത്തി യിട്ടില്ല.

11. വാർഷിക ധനകാര്യപത്രികയോടൊപ്പം അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വച്ചിട്ടില്ല.

12. ILGMS ലെയും ഓഡിറ്റിന് ലഭ്യമാക്കിയ വാർഷിക ധനകാര്യ പത്രികയിലെയും തുകകൾ പൊരുത്തപ്പെടുന്നില്ല.

| ഇനം | ILGMS Site | ഓഡിറ്റിന് ലഭ്യമാക്കിയ AFS പ്രകാരം |
|---|---|---|
| Other Liabilities – Reciept , Non Operating<br>Code 350000000 | 774079 | 1697653 |
| Other Liabilities – Payment, Non Operating<br>Code 350000000 | 40475017 | 41398591 |
| Total(Receipt & Payment) | 95926886.11 | 96850460.11 |

13. 2019-20 വർഷത്തെ B-1ഷെഡ്യൂൾ (മുന്നിരിപ്പ്) 2020-21 വർഷത്തെ B-1 ഷെഡ്യൂളിൽ (നീക്കിയിരിപ്പ്) വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല.

14. ട്രയൽ ബാലൻസ് പ്രകാരമുള്ള ലഡ്ജർ അക്കൗണ്ടുകളുടെ നീക്കിയിരിപ്പ് - ഒരേയിനത്തിൽ തന്നെ Debit Balance ഉം Credit Balance ഉം രേഖപ്പെടുത്തിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| Code | Head | Closing Balance | |
|---|---|---|---|
| | | Credit | Debit |
| 160100402 | Maintanance Fund, Non-Road | 4243486 | 42486 |
| 190100101 | Prior-Period Income -Property Tax | 1936612 | 15017 |
| 200100101 | Salaries Permanent Staff | 433199 | 5873700 |

15. RP-40 (B) – 1). Cash And Bank Balance : സാക്ഷരത (അക്കൗണ്ട് നമ്പർ 57025587633, SBI) -31-03-21 AFS

പ്രകാരമുള്ള നീക്കിയിരിപ്പ് ₹3004 യും ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിയിരിപ്പ് ₹ 3064 രൂപയുമാണ്. 2020-21 സാമ്പത്തിക വർഷം പലിശയിനത്തിൽ ലഭിച്ച ₹60 അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല.

2). Code 450210102 : Co-Operative Bank Account Of Own Revenue Fund അക്കൗണ്ടിലെ നീക്കിയിരിപ്പായി ചേർത്ത ₹146748 യുടെ ആധികാരികത പരിശോധിക്കുന്നതിനാവശ്യമായ ബാങ്ക് സ്റ്റേറ്റ്മെന്റ്, റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ ലഭ്യമാക്കിയിട്ടില്ല.

16. Deposit Received – B-7 Shedule ൽ രേഖപ്പെടുത്തിയ തുകയും ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയ തുകകളും പൊരുത്തപ്പെടുന്നില്ല.

വിശദവിവരം ചുവടെ കൊടുക്കുന്നു.

| ഇനം | കോഡ് | ILGMS പ്രകാരമുള്ള തുക | രജിസ്റ്റർ പ്രകാരമുള്ള തുക |
|---|---|---|---|
| Supplier's Earnest Money Deposit | 340100102 | 31782 | 39104 |
| Contractor's Retention | 340100301 | 218388 | 298406 |

17. MGNREGS – കൂലി / മെറ്റീരിയൽ ചെലവ് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. വാർഷിക ധനകാര്യ പത്രികയിലെ വരവു ചെലവുകൾ പൊരുത്തപ്പെടുന്നില്ല.

18. Income & Expenditure I-6 Shedule ൽ Mahathma Gandhi National Rural Employment Guarantee Scheme എന്ന ഹെഡിൽ വരവുവന്ന തുക (614991 രൂപ, Code -160100628) ചെലവിനത്തിൽ Income & Expenditure I-15 Shedule ൽ Grants, Contributions And Compensations From Own Fund – Compensations – Unemployment Allowances Under MGNREGA എന്ന ഹെഡിലാണ് ചേർത്തിട്ടുള്ളത് (Code 260300101).

19. വാർഷിക ധനകാര്യ പത്രികയിൽ EFMS വിവരങ്ങൾ, RP-30 Shedule എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

അപാകങ്ങൾ പരിഹരിക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (36/20-6-22) ഓഡിറ്റ് സമയത്ത് മറുപടി ലഭ്യമാക്കിയിരുന്നില്ല. മറുപടി പിന്നീട് ഹാജരാക്കിയിട്ടുണ്ടെങ്കിലും ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ലഭ്യമാക്കാത്തതിനാൽ അപാകങ്ങൾ പരിഹരിച്ചതിന്റെ നിജസ്ഥിതി പരിശോധിക്കാൻ സാധിച്ചിട്ടില്ല. അപാകങ്ങൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 27727746 |
| വരവ് തുക | 69122714 |
| ആകെ | 96850460 |
| ചെലവ് തുക | 83039207 |
| നീക്കിയിരിപ്പ് | 13811253 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 322812 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 12925125 | 12925125 | 12349004 | 576121 |
| വികസന ഫണ്ട്-എസ്.സി.പി | | 4060125 | 4060125 | 3769615 | 290510 |
| വികസന ഫണ്ട്- ടി എസ് പി | | - | - | | |
| മെയിന്റനൻസ്, റോഡ് | | 6240000 | 6240000 | 6240000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ്, റോഡിതരം | | | 4201000 | 4201000 | 4201000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | Untied Basic Grant | | 6464410 | 6464410 | 5506261 | 958149 |
| | Tied Grant | | 5040000 | 5040000 | 1793816 | 3246184 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | | |
| എം ജി എൻ ആർ ഇ ജി എസ് | ഭരണചെലവ് | 97042 | 906625 | 1003667 | 614991 | 388676 |
| | തൊഴിലാളികളുടെ കൂലി,സാധന സാമഗ്രികളുടെ ചെലവ് | | 12291066 | 12291066 | 12291066 | - |
| ആകെ | | 97042 | 13197691 | 13294733 | 12906057 | 388676 |
| ഐ സി ഡി എസ്- കേന്ദ്രവിഹിതം | | 49619 | 1175188 | 1224807 | 1000000 | 224807 |
| ടി.എസ്.സി. | | 2290054 | 1453096 | 3743150 | 2426889 | 1316261 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | | |
| സാക്ഷരത | | 102983 | 21 | 103004 | - | 103004 |
| സോളിഡ് വേസ്റ്റ് മാനേജ്മെന്റ് | | 176490 | - | 176490 | 64515 | 111975 |
| ശുചിത്വ മിഷൻ | | 24780 | 2249772 | 2274552 | 0 | 2274552 |
| വെൽഫെയർ ബോഡീസ് | | 0 | 546197 | 546197 | 0 | 546197 |
| എം പി ഫണ്ട് | | 1076 | 29 | 1105 | 0 | 1105 |
| ആയൂർവ്വേദം (ക്യാപ്പിറ്റ) | | 27919 | 0 | 27919 | 0 | 27919 |

കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും ലഭിച്ച തുകകളുമായി ബന്ധപ്പെട്ട വരവ് ചെലവുകൾ സംബന്ധിച്ച വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്ററിന്റെ അഭാവത്തിൽ വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയ തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടുണ്ടെങ്കിലും ആയതിലെ വിവരങ്ങൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പൂർണ്ണമായി നടപ്പാക്കിയത് (എണ്ണം | ആകെ അടങ്കൽ | ആകെ ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തിയാക്കിയ പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 226 | 162 | 95665397 | 51232197 | 4 | 60 | 71.68 |

2020-21 വർഷം 64 പദ്ധതികൾ നടപ്പിലാക്കാതെ ഉപേക്ഷിച്ചിട്ടുണ്ട്. ആകെ അടങ്കൽ തുകയിൽ ഉൾപ്പെട്ട എല്ലായിനം ഫണ്ടുകളും ഉപയോഗിച്ച് പ്രോജക്ടുകൾ സമയബന്ധിതമായി നിർവ്വഹിക്കുകയും പൂർത്തീകരിക്കുകയും ചെയ്യേണ്ടതാണ്.

1)നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികളുടെ വിവരം

നിർവ്വഹണ ഉദ്യോഗസ്ഥരുടെ അടിസ്ഥാനത്തിൽ പ്രോജക്ടുകൾ നടപ്പിലാക്കിയതിന്റെയും ഫണ്ട് ചെലവഴിച്ചതിന്റെയും വിവരം ചുവടെ പട്ടികയിൽ കൊടുക്കുന്നു.

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയത് | അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | സെക്രട്ടറി | 31 | 24 | 9009689 | 4419500 | 49 |

| | | | | | | |
|---|---|---|---|---|---|---|
| 2 | അസിഎഞ്ചിനീയർ | 112 | 65 | 46164673 | 22756602 | 49 |
| 3 | കൃഷി ഓഫീസർ | 12 | 12 | 3392600 | 2914939 | 86 |
| 4 | മെഡിക്കൽഓഫീസർ (പി.എച്ച്.സി) | 9 | 9 | 3558544 | 2621089 | 74 |
| 5 | മെഡിക്കൽഓഫീസർ (ഹോമിയോ) | 2 | 2 | 395000 | 394428 | 99.8 |
| 6 | മെഡിക്കൽഓഫീസർ (ആയുർവ്വേദം) | 2 | 1 | 1350000 | 1200000 | 88.88 |
| 7 | വെറ്ററിനറി സർജൻ | 7 | 7 | 1557000 | 1537897 | 98.8 |
| 8 | വി.ഇ.ഒ(ഇരിണാവ് സർക്കിൾ) | 10 | 6 | 8495936 | 2569831 | 30 |
| 9 | വി.ഇ.ഒ(കല്ല്യാശേരി സർക്കിൾ) | 11 | 10 | 6093253 | 3496456 | 57.38 |
| 10 | ഐ സി ഡിഎസ് സൂപ്പർവൈസർ | 9 | 8 | 7772815 | 5220104 | 67.2 |
| 11 | അസി.സെക്രട്ടറി | 12 | 10 | 2748887 | 2091990 | 76 |
| 12 | ഹെഡ് മാസ്റ്റർ | 5 | 4 | 1030000 | 960000 | 93 |
| 13 | ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 1100000 | 975000 | 88.6 |
| 14 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 2 | 2997000 | 74361 | 2.5 |
| | ആകെ | 226 | 162 | 95665397 | 51232197 | 53.55 |

അംഗീകാരം ലഭിച്ച് അടങ്കൽ ഉൾപ്പെടുത്തിയ എല്ലാ പ്രോജക്ടുകളും നിർവഹണം നടത്താനും സമയബന്ധിതമായി പൂർത്തീകരിക്കുവാനും നടപടി സ്വീകരിക്കേണ്ടതാണ്. സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് പദ്ധതി ചെലവ് ശതമാനം 2.5 ശതമാനം മാത്രമാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| തൊഴിലാളികളുടെ കൂലി | - | 12291066 | 12291066 | 12291066 | 0 |
| അഡ്മിനിസ്ട്രേറ്റിവ് ചെലവ് | 97042 | 1583309 | 1680351 | 1291675 | 388676 |
| ആകെ | 97042 | 13874375 | 13971417 | 13582741 | 388676 |

## 1-6-1 മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി-തൊഴിൽ വിവരങ്ങൾ

2020-21 വർഷത്തിൽ കല്യാശ്ശേരി ഗ്രാമപഞ്ചായത്തിലെ മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി തൊഴിൽ കാർഡ് ലഭിച്ചവരുടെയും തൊഴിൽ ലഭ്യമായവരുടേയും വിവരം ചുവടെ കൊടുക്കുന്നു.

| | | |
|---|---|---|
| 1 | നാളിതുവരെയും അനുവദിച്ച തൊഴിൽ കാർഡ് | 3020 |
| 2 | 2020-21 വർഷത്തിൽ അനുവദിച്ച തൊഴിൽ കാർഡ് | 181 |
| 3 | തൊഴിൽകാർഡ് ലഭിച്ച പട്ടികജാതി പട്ടിക വർഗ കുടുംബങ്ങളുടെ എണ്ണം | 161 |
| 4 | 2020-21വർഷത്തിൽ നിർവഹിച്ച പ്രൊജക്ടുകളുടെ എണ്ണം | 149 |
| 5 | 100ദിവസം തൊഴിൽ ലഭിച്ച തൊഴിൽ കാർഡ് ഉടമകളുടെ എണ്ണം | 149 |

| | | |
|---|---|---|
| 6 | 100ദിവസം തൊഴിൽ ലഭിച്ച പട്ടികജാതി തൊഴിൽ കാർഡ് ഉടമകളുടെ എണ്ണം | 12 |

ആകെ 3020 കുടുംബങ്ങൾക്ക് തൊഴിൽകാർഡ് ലഭിച്ചുവെങ്കിലും 149 കുടുംബങ്ങൾക്ക് മാത്രമാണ് 100 ദിവസം തൊഴിൽ ലഭിച്ചിരിക്കുന്നത്. ആക്ഷൻ പ്ലാനിൽ അധികമായി പ്രവൃത്തികൾ അംഗീകരിച്ച് നൽകിയിരുന്നുവെങ്കിലും ആയവ നിർവ്വഹിച്ചിട്ടില്ല. ആക്ഷൻ പ്ലാനിന് അനുസൃതമായി പ്രവൃത്തികൾ നിർവഹിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-6-2 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- മെറ്റീരിയിൽ ചെലവിന്റെ 2% നിരക്കിൽ.ജി.എസ്.ടി (ടി.ഡി.എസ്) കുറവ് ചെയ്യേണ്ടതാണ്.

250000 രൂപയിൽ അധികരിച്ച തുകകൾ അനുവദിച്ച കരാറുകാരുടെ ബില്ലുകളിൽ നിന്നും 2% നിരക്കിൽ.ജി.എസ്.ടി (ടി.ഡി.എസ്) കുറവ് ചെയ്യേണ്ടതുണ്ട്. (ഗുഡ്സ് ആന്റ് സർവ്വീസ് ആക്ട് 2017ലെ സെക്ഷൻ 51, 21-07-2018ലെ 28th ജി.എസ്.സി. കൗൺസിൽ തീരുമാനം) ജ്.എസ്.ടി ചട്ടം അനുസരിച്ച് നികുതികൾ ഒഴികെ ബിൽ തുക 250000 രൂപയോ അതിൽ കൂടുതലോ അനുവദിക്കുമ്പോൾ സ്രോതസ്സിൽ നിന്നും 2% ജി.എസ്.ടി (ടി.ഡി.എസ്) കുറവ് ചെയ്യണം.30/7/2019 ലെ സർക്കുലർ നംപർ 957/ ഇ ജി എസ്-സി/16/ ആർ ഇ ജി എസ് കൂടി കാണുക. എന്നാൽ കല്യശ്ശേരി ഗ്രാമപഞ്ചായത്തിലെ താഴെ കാണിച്ച പ്രവൃത്തിയിലെ മെറ്റീരിയൽ ചെലവ് 250000 രൂപയിൽ കൂടിയ സാഹചര്യത്തിൽ ബില്ലിൽ നിന്നും മേൽ പരാമർശിച്ച വിധം 2% ജി.എസ്.ടി കുറവ് ചെയ്യേണ്ടതുണ്ട്.

വിശദവിവരം ചുവടെകൊടുക്കുന്നു.

| പ്രവൃത്തി | എംബുക്ക് നംപർ | പ്രവൃത്തിമൂല്യം | മെറ്റീരിയൽ ചെലവ് | 2% ജിഎസ് ടി ഈടാക്കേണ്ടത് |
|---|---|---|---|---|
| ടിയു മുക്ക് മുതൽ മാര്യമംഗലം പാലം വരെ ഓവ് ചാൽ നിർമ്മാണം | 82/20 | 320234 | 259874.58 | 5198 |

ജി.എസ്.ടി. കുറവ് ചെയ്യാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (17/16-6-2022) മറുപടിയായി 5198 രൂപ സെക്രട്ടറിയുടെ അക്കൗണ്ടിൽ ഒടുക്കി,രേഖകൾ ലഭ്യമാക്കിയിട്ടുണ്ട്(1220101193/G130206 16-6-2022). തുക ജി.എസ്.ടി അക്കൗണ്ടിൽ ഒടുക്ക് വരുത്തേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. ഭാവിയിൽ ഇക്കാര്യത്തിൽ ശ്രദ്ധ ചെലുത്തേണ്ടതുമാണ്.

## 1-7 ക്ഷേമപെൻഷനുകൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 7302600 | 444 |
| വിധവാപെൻഷൻ | 15960300 | 1040 |
| വാർദ്ധക്യകാല പെൻഷൻ | 38175400 | 2565 |
| ഭിന്നശേഷിക്കാരുടെ പെൻഷൻ | 4186800 | 270 |
| അവിവാഹിത പെൻഷൻ | 2673400 | 173 |
| വിവാഹ ധനസഹായം | 420000 | 14 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി ഗ്രാമ പഞ്ചായത്തിന്റെ 2020-21 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16-6-2022 തീയ്യതിയിൽ 3.39 Pm സമയത്ത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി.

പരിശോധനയിൽ 18204 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ഗ്രാമ സഭ

കല്യാശ്ശേരി ഗ്രാമ പഞ്ചായത്തിൽ ആകെ 18 വാർഡുകൾ ഉണ്ട്. കല്യാശ്ശേരി ഗ്രാമ പഞ്ചായത്തിന്റെ 2020-21 വർഷത്തെ ഗ്രാമ സഭ മിനട്സ് പരിശോധിച്ചതിൽ ,വർഷത്തിൽ ഒരു തവണമാത്രമേ ഗ്രാമ സഭ ചേർന്നിട്ടുള്ളൂ എന്ന കാണുന്നു. കുറഞ്ഞത് മൂന്ന മാസത്തിലൊരിക്കൽ ഗ്രാമ സഭ യോഗം ചേരണമെന്നത് പാലിച്ചിട്ടില്ല. കോവിഡിന്റെ പ്രോട്ടോക്കോൾ നിലവിലുള്ള സാഹചര്യത്തിൽ ആണ് ഗ്രാമ സഭ യോഗങ്ങൾ ചേരാൻ സാധിക്കാത്തത് എന്ന് അറിയിച്ചിട്ടുണ്ട്. 2021 ഫിബ്രവരി മാസത്തിൽ ചേർന്ന എല്ലാ ഗ്രാമസഭാ യോഗങ്ങളിലും ക്വാറം തികഞ്ഞിട്ടുണ്ട്.

## 1-10 ആഭ്യന്തര നിയന്ത്രണ സംവിധാനം

മനുഷ്യ വിഭവശേഷിയുടെ ഫലപ്രദമായ വിനിയോഗം ഉറപ്പുവരുത്തി ലക്ഷ്യം നേടാൻ കാര്യക്ഷമമായ ആഭ്യന്തരനിയന്ത്രണ സംവിധാനം സ്ഥാപനത്തിൽ പ്രവർത്തന സജ്ജമാക്കേണ്ടത് അനിവാര്യമാണ്. അധികാര – ഉത്തരവാദിത്ത ബന്ധങ്ങളെ കൃത്യമായി നിർവ്വചിച്ചുകൊണ്ടുള്ള ഉദ്യോഗസ്ഥ സംഘടനാ സംവിധാനം, ശക്തവും കാര്യക്ഷമവുമായ മേൽനോട്ടത്തിൽ ചുമതലാ നിർവ്വഹണം, നിർദ്ദേശങ്ങളുടെയും ആശയങ്ങളുടെയും കാര്യക്ഷമമായ വിനിമയം, കൃത്യമായ ഇൻഡക്സിങ്ങ് സംവിധാനത്തോടെ സുരക്ഷിതവും സുഗമവുമായ രീതിയിലുള്ള രേഖകളുടെ സൂക്ഷിപ്പ് എന്നിവയോടൊപ്പം പൊതുജനങ്ങളോടുള്ള അക്കൗണ്ടബിലിറ്റി ഉറപ്പുവരുത്തൽ എന്നിവയാണ് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ അടിസ്ഥാനം.
പഞ്ചായത്തുകളിലെ പ്രവർത്തനങ്ങൾ പൂർണമായും കടലാസ് രഹിതമാക്കുന്നതിനായി ഗ്രാമപഞ്ചായത്തുകളിൽ Ilgms(Integrated Local Governance Management System) പ്രാവർത്തികമാക്കിയതിന്റെ ഭാഗമായി കല്യാശ്ശേരി ഗ്രാമപഞ്ചായത്തിൽ 2021 സപ്തംബർ 24 മുതൽ Ilgms നടപ്പിൽ വരുത്തിയിട്ടുണ്ട്. നിലവിൽ ഇതിന്റെ പ്രവർത്തനം പ്രാരംഭ ദശയിലാണ്. മുഴുവൻ ഫയലുകളും ഓൺലൈനായും മാന്വലായും സൂക്ഷിച്ചു വരുന്നുണ്ട്. വ്യക്തികളിൽ നിന്നുള്ള അപേക്ഷകൾ മുഴുവനും ഓൺലൈനായി സ്വീകരിച്ച് സേവനങ്ങൾ ഓൺലൈനായി നൽകി വരുന്നുണ്ട്.

കല്യാശ്ശേരി ഗ്രാമപഞ്ചായത്തിൽ 2020-21 വർഷത്തിൽ പ്രതിമാസം ഓഫീസ് യോഗം ചേരുകയും ദൈനംദിന ഓഫീസ് പ്രവർത്തനം, ഫ്രണ്ട് ഓഫീസ് പ്രവർത്തനം എന്നിവ കാര്യക്ഷമമാക്കുവാനായി നിർദ്ദേശം നൽകുന്നതായും കണ്ടു. നികുതി പിരിവ് 100% കൈവരിക്കുന്നതിനായും ഊർജിതമായ നടപടികൾ സ്വീകരിച്ചു വരുന്നതായി കാണാൻ കഴിഞ്ഞു. രജിസ്ററുകൾ ശരിയായ രീതിയിൽ സൂക്ഷിച്ചുവരുന്നുണ്ട്.പഞ്ചായത്ത് ഓഫീസിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്.

പഞ്ചായത്തിന്റെ വാർഷിക ബജറ്റ് പാസ്സാക്കുന്നതിൽ നിയമ പ്രകാരമുള്ള നടപടികൾ പാലിച്ചിട്ടില്ല. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ശുപാർശ ചെയ്തതിൽ നിന്നും വ്യത്യസ്തമായ ബജറ്റാണ് ഭരണസമിതി അംഗീകരിച്ചിരിക്കുന്നത്. ആയതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ അംഗീകാരം ലഭ്യമാക്കിയിട്ടില്ല. വാർഷിക ധനകാര്യ പത്രികയുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട ബാങ്ക് പാസ്സ്ബുക്കുകൾ, ബാങ്ക് ബുക്കുകൾ എന്നിവ പൊരുത്തപ്പെടുത്തി സൂക്ഷിച്ചു വരുന്നുണ്ട്. വികസനഫണ്ട്, സംരക്ഷണഗ്രാന്റ്, ജനറൽ പർപ്പസ് ഗ്രാന്റ്, മറ്റ് തനത് ഫണ്ടുകൾ, സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുകയുടെ വിനിയോഗം സംബന്ധിച്ച് എ.സി.ആർ സൂക്ഷിക്കുന്നുണ്ട്. അഡ്വാൻസ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചു വരുന്നുണ്ട്. പ്രൊക്യൂർമെന്റ് കമ്മിറ്റി 2020-21 ൽ നാലുതവണ യോഗം ചേർന്നിട്ടുണ്ട്. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് വാർഷികാവശ്യങ്ങളെ തിട്ടപ്പെടുത്തിയുള്ള പ്രൊക്വയർമെന്റ് പ്ലാനും ബജറ്റും തയ്യാറാക്കാതെ, ഒരോ നിർവ്വഹണോദ്യോഗസ്ഥനെയും വാങ്ങലിന് ചുമതലപ്പെടുത്തുന്ന രീതിയാണുള്ളത്. ആസ്തി രജിസ്റ്റർ പൂർണ്ണമാക്കിയിട്ടില്ല. ഭൂനികുതിയൊടുക്കിയും പോക്കുവരവ് മുതലായ നടപടിക്രമങ്ങൾ പൂർത്തിയാക്കിയും ഭൂമിസംബന്ധമായ കാര്യങ്ങൾ ആസ്തി രജിസ്ററിൽ കാലികമാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. പുതുതായി ഉൾപ്പെടുത്തിയ കെട്ടിടങ്ങളുടെ തരം, വിലവിവരം ഉടങ്ങിയ മുഴുവൻ വിവരങ്ങളും പഴയ കെട്ടിടങ്ങളുടെ ഡിപ്രീസിയേഷൻ വിവരങ്ങളും ആസ്തി രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തിവെക്കേണ്ടതാണ്. പഞ്ചായത്ത് സേവനങ്ങൾക്കുള്ള ഏകജാലക സംവിധാനമായ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നുണ്ട്. പഞ്ചായത്തിലെ ജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങളും അവകാശങ്ങളും സംബന്ധിച്ച പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## 1-11 മോട്ടോർ റണ്ണിങ്ങ് ഫീസ് ഈടാക്കിയില്ല

കല്ല്യാശ്ശേരി ഗ്രാമ പഞ്ചായത്തിലെ 2020-21 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചപ്പോൾ, ചുവടെ ചേർത്ത സ്ഥാപനങ്ങളിൽ നിന്ന് മോട്ടോർ റണ്ണിങ് ഫീസ് ഈടാക്കിയിട്ടില്ല.

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ | സ്ഥാപന ഉടമയുടെ പേര് | സംരംഭം | കെട്ടിട നമ്പർ | അപാകത |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | പി കുഞ്ഞിരാമൻ | ഗ്രിൽസ് നിർമാണം | 17/27 | സ്ഥാപനത്തിൽ 5 HP മോട്ടോർ ഉപയോഗിക്കുന്നതായി അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് പ്രകാരം ഈടാക്കേണ്ടിയിരുന്ന മോട്ടോർ റണ്ണിങ് ഫീസ് 50 രൂപയാണ്. |
| 2 | പി വി ബാലകൃഷ്ണൻ | ഫർണിച്ചർ നിർമാണം | 4/314 | സ്ഥാപനത്തിൽ 7 HP മോട്ടോർ ഉപയോഗിക്കുന്നതായി അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് പ്രകാരം ഈടാക്കേണ്ടിയിരുന്ന മോട്ടോർ റണ്ണിങ് ഫീസ് 100 രൂപയാണ്. |
| 3 | കെ രാജൻ | വെൽഡിംഗ് | 2/685 | സ്ഥാപനത്തിൽ 5 HP മോട്ടോർ ഉപയോഗിക്കുന്നതായി അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് പ്രകാരം ഈടാക്കേണ്ടിയിരുന്ന മോട്ടോർ റണ്ണിങ് ഫീസ് 50 രൂപയാണ്. |
| 4 | മഹമൂദ് കെ കെ പി | അലൂമിനിയം ഫാബ്രിക്കേഷന് | 13/466 | സ്ഥാപനത്തിൽ 45 HP മോട്ടോർ ഉപയോഗിക്കുന്നതായി അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് പ്രകാരം ഈടാക്കേണ്ടിയിരുന്ന മോട്ടോർ റണ്ണിങ് ഫീസ് 500 രൂപയാണ്. |
| 5 | മഹമൂദ് കെ കെ പി | പ്ലൈവുഡ് നിർമാണം | 4/23 | സ്ഥാപനത്തിൽ 102 HP മോട്ടോർ ഉപയോഗിക്കുന്നതായി അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് പ്രകാരം ഈടാക്കേണ്ടിയിരുന്ന മോട്ടോർ റണ്ണിങ് ഫീസ് 2000 രൂപയാണ്. |

| | | | | |
|---|---|---|---|---|
| 6 | ഫാജിദ് | മരമില്ല് | 3/10 | സ്ഥാപനത്തിൽ എത്ര എച്ച് പി മോട്ടോർ ഉപയോഗിക്കുന്നുണ്ടെന്ന് അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടില്ല. |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 7, തീയതി 15.06.2022) മറുപടി ഹാജരാക്കിയിട്ടുണ്ട്. ആയതിൽ 2020-21 സാമ്പത്തിക വർഷം മേൽ പട്ടികയിലെ സ്ഥാപനങ്ങളിൽ നിന്ന് റണ്ണിങ് ലൈസൻസ് ഫീസ് ഈടാക്കിയതിന്റെ രസീതുകൾ ഹാജരാക്കിയിട്ടില്ല. മോട്ടോർ റണ്ണിങ് ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-12 പൊളിച്ചുകളയുന്ന കെട്ടിടങ്ങളിൽ നിന്ന് വസ്തു നികുതി ഈടാക്കുന്നതിലെ അപാകതകൾ

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 24 ഉപചട്ടം 3 പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള ഏതെങ്കിലും കെട്ടിടം പൊളിച്ചുകളയുമ്പോൾ കെട്ടിട ഉടമസ്ഥൻ അത് സംബന്ധിച്ച് സെക്രട്ടറിക്ക് നോട്ടീസ് നൽകേണ്ടതും ആ കെട്ടിടം പൊളിച്ചുകളയുന്ന അർദ്ധവർഷത്തിന്റെ അവസാനം വരെ അപ്രകാരം ചെയ്തിട്ടില്ലായിരുന്നുവെങ്കിൽ ചുമത്തപ്പെടാവുന്ന വസ്തുനികുതി നൽകാൻ ഉടമസ്ഥൻ ബാധ്യസ്ഥനാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2020-21 വർഷം പൊളിച്ചുമാറ്റിയ, കെട്ടിടങ്ങൾക്ക് 2020-21 ഒന്നാം അർദ്ധ വർഷം മുതൽ തന്നെ നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | കെട്ടിട ഉടമസ്ഥൻ | സഞ്ചയ പ്രകാരമുള്ള വിവരങ്ങൾ |
|---|---|---|---|
| 1 | 4/430 | ഈച്ച വേശാല സൌമിനി | 2020 - 21 ഒന്നാം അർദ്ധവർഷം കെട്ടിടം പൊളിച്ച കളഞ്ഞതായി രേഖപ്പെടുത്തിയിട്ടുണ്ട്. |
| 2 | 4/434 | ജനാർദ്ദനൻ | |
| 3 | 4/298 | കെ സി കൃഷ്ണൻ നമ്പ്യാർ | |
| 4 | 1/175 | കാവിലെ വളപ്പിൽ സുരേന്ദ്രൻ | |
| 5 | 1/175 A | കാവിലെ വളപ്പിൽ സുരേന്ദ്രൻ | |
| 6 | 1/176 | കാവിലെ വളപ്പിൽ സുരേന്ദ്രൻ | |
| 7 | 1/177 | കാവിലെ വളപ്പിൽ സുരേന്ദ്രൻ | |
| 8 | 1/178 | കാവിലെ വളപ്പിൽ സുരേന്ദ്രൻ | |
| 9 | 3/301 | നളിനി ദാമോദരൻ | |
| 10 | 3/370 | നൂറുദ്ദീൻ ഹാജി | |
| 11 | 3/400 | കണ്ണിടത്തിൽ കോരൻ | |
| 12 | 3/603 | മാണ്ട്യൻ ഹരിദാസൻ | |
| 13 | 3/793 | തറമ്മ സരോജിനി | |
| 14 | 3/775 | മുണക്കാട്ട് ജാനകി | |
| 15 | 3/698 | സുഗുണനൻ പട്ടേരി | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.26 തീയതി 17.06.2022) ലഭ്യമാക്കിയ മറുപടിയിൽ 2019-20 വർഷം പൊളിച്ച മാറ്റി നികുതി ഒഴിവാക്കിത്തരുന്നതിന് സമർപ്പിക്കുന്ന അപേക്ഷകളാണ് ആ വർഷത്തെ കെട്ടിട നികുതി അടവാക്കി 2020-21 വർഷം മുതൽ കെട്ടിട നികുതി ഒഴിവാക്കി നൽകുന്നത് എന്നും സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം 2020-21 ഏപ്രിൽ മാസത്തിൽ മാത്രമെ ഈ സൗകര്യം ലഭ്യമാകുകയുള്ളൂ എന്നുമാണ് അറിയിച്ചിട്ടുള്ളത്. മറുപടിയിൽ വ്യക്തതയില്ല. ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കേണ്ടതും പൊളിച്ചുകളയുന്ന അർദ്ധവർഷത്തിന്റെ

അവസാനം വരെ അപ്രകാരം ചെയ്തിട്ടില്ലായിരുന്നുവെങ്കിൽ ചുമത്തപ്പെടാവുന്ന വസ്തുനികുതി കെട്ടിട ഉടമകളിൽ നിന്ന് ഈടാക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-13 കൂട്ടിചേർക്കൽ വരുത്തിയ തറവിസ്തീർണ്ണം കൂടി ഉൾപ്പെടുത്തി വസ്തുനികുതി പുനർനിർണ്ണയം നടത്തിയിട്ടില്ല

2014-15,2015-16 വർഷങ്ങളിലെ കെട്ടിട നിർമ്മാണ പെർമിറ്റുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കാണുന്നു.

1. മേൽപ്പറഞ്ഞ കാലയളവിലെ കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഏതാനും വാസഗൃഹങ്ങൾക്ക് കൂട്ടിചേർക്കൽ വരുത്തുന്നതിനായി പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. നിലവിൽ പെർമിറ്റ് കാലാവധി അവസാനിച്ച ഈ കെട്ടിടങ്ങൾക്ക് കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയറിൽ പ്രസ്തുത കെട്ടിടങ്ങളുടെ വിവരങ്ങൾ പരിശോധിച്ചതിൽ ഭൂരിഭാഗം കെട്ടിടങ്ങൾക്കും കൂട്ടിചേർക്കൽ വരുത്തിയ തറവിസ്തീർണ്ണം കൂടി ഉൾപ്പെടുത്തി വസ്തുനികുതി പുനർനിർണ്ണയം നടത്തിയതായും കാണുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ്/ കെട്ടിട നം | ഉടമസ്ഥന്റെ പേര് | പെർമിറ്റ്നം, കാലാവധി | നിലവിലുള്ളതിന്റെയും കൂട്ടിച്ചേർക്കലിനായി പെർമിറ്റ് അനുവദിച്ച ഭാഗത്തിന്റെയും വിസ്തീർണ്ണം (ചതുരശ്ര മീറ്റർ) | സഞ്ചയ പ്രകാരം നികുതി നിർണയിച്ച തറവിസ്തീർണം (ചതുരശ്ര മീറ്റർ) |
|---|---|---|---|---|---|
| 1 | 10/227/A | ചങ്ങൻ ബാലകൃഷ്ണൻ | 150/16-17<br>22.11.16 To 21.11.19 | GF(നിലവിലുള്ളത്)-82.23<br>FF-46.77 | 91 |
| 2 | 17/337 | വെണ്ണേക്കൻ മുഹമ്മദ് ഹാറൂൺ | 152/16-17<br>14.12.16 To 13.12.19 | GF(നിലവിലുള്ളത്)-133<br>FF(നിലവിലുള്ളത്)-10<br>FF(pro)-83 | 169 |
| 3 | 4/467 | കൊയപ്പ വെസ്ലി | 108/16-17<br>29.09.16 To 28.09.19 | GF(നിലവിലുള്ളത്)-54.40<br>FF(നിലവിലുള്ളത്)-14.57<br>FF(pro)-33.53 | 72.24 |
| 4 | 1/530 | തെക്കൻ ഷൈനി | 16/16-17<br>23.05.16 To 22.05.19 | GF(നിലവിലുള്ളത്)-60<br>FF(നിലവിലുള്ളത്)-6<br>FF(pro)-55 | 49 |
| 5 | 16/375 | കോളങ്കട പാറപ്പുറത്ത് വിനോദൻ | 23/2016-17<br>23.05.16 To 22.05.19 | GF(നിലവിലുള്ളത്)-62<br>FF(നിലവിലുള്ളത്)-15<br>FF(pro)-26 | 65.6 |
| 6 | 14/48 | തോര ബാലൻ | 08/16-17<br>23.06.16 To 24.06.19 | GF(നിലവിലുള്ളത്)-92.7<br>FF(നിലവിലുള്ളത്)-6.99<br>FF(pro)-35.05 | 95 |

കൂട്ടിചേർക്കൽ വരുത്തുന്നതിനായി പെർമിറ്റ് ലഭിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയയിൽ പരിശോധിച്ചതിൻ പ്രകാരം നിലവിൽ ഇത്തരത്തിലുള്ള കെട്ടിടങ്ങൾക്ക് 2013 മുതൽ ബാധകമായ നികുതി മാത്രമാണ് ഈടാക്കി കാണുന്നത്. മാത്രമല്ല കൂട്ടിച്ചേർക്കൽ വരുത്തിയ കെട്ടിടങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പർ ആവശ്യമില്ലാത്തതിനാൽ പെർമിറ്റ് ഇല്ലാതെ ഇത്തരം നിർമ്മാണങ്ങൾ നടത്താൻ സാധ്യതയുണ്ട്. ഇപ്രകാരം പെർമിറ്റില്ലാതെയുള്ള നിർമ്മാണം, കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് ഉറപ്പുവരുത്താനുമാവില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 10 തീയതി 16-06-2022) ലഭ്യമാക്കിയ മറുപടിയിൽ വാർഡ് തലത്തിൽ ക്ലർക്കുമാർ പരിശോധന നടത്തി കൂട്ടിചേർക്കൽ വരുത്തിയ കെട്ടിടങ്ങൾക്ക് നികുതി പുനർ നിർണയം നടത്തുന്നുണ്ടെന്നാണ് അറിയിച്ചിട്ടുള്ളത്. ഫീൽഡ് തല പരിശോധന നടത്തി അനധികൃത നിർമ്മാണം നടന്നിട്ടില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ കൂട്ടിച്ചേർക്കൽ വരുത്തിയ കെട്ടിടങ്ങൾക്ക് നിയമാനുസൃത വസ്തുനികുതി ഈടാക്കി ഈ ഇനത്തിലുള്ള വരുമാന

ചോർച്ചയും ഒഴിവാക്കേണ്ടതാണ്.

## 1-14 വിമുക്ത ഭടൻമാരുടെ വാസഗൃഹത്തിന് വസ്തുനികുതി ഇളവ് - സാക്ഷ്യപത്രം സമർപ്പിക്കാത്തവർക്ക് ഇളവ് നൽകിയത്

സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം/സത്യവാങ്മൂലം ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. കെട്ടിടത്തിന് നികുതി ഇളവ് അനുവദിച്ചാൽ വിമുക്തഭടന്റെ പെൻഷൻ ബുക്കിൽ/ഡിസ്ചാർജ്ജ് ബുക്കിൽ ഉത്തരവ് നമ്പർ സഹിതം രേഖപ്പെടുത്തൽ നടത്തേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയറിൽ പരിശോധിച്ചതിൽ സാക്ഷ്യപത്രം/സത്യവാങ്മൂലം സമർപ്പിക്കാത്ത, സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം ഇല്ലാത്ത താഴെപ്പറയുന്ന വ്യക്തികളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളെ 2020-21 വർഷം വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

| ക്രമനമ്പർ | വാർഡ് നമ്പർ/ കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് |
|---|---|---|
| 1 | 1/167 | കക്രോപ്പത്ത് നളിനി |
| 2 | 4/85 | പള്ളേൻ വേണുഗോപാലൻ |
| 3 | 5 222 | മുണ്ടയാടൻ സരസ്വതി |
| 4 | 5 277 എ | സുനിൽ കുമാർ |
| 5 | 5 550 | എം പി ശ്രീധരൻ |
| 6 | 5 595 എ | സ്മിത പള്ളിക്കര |
| 7 | 5 596 എ | പള്ളിക്കര വീട്ടിൽ സജിത്ത് |
| 8 | 8/175 | കെ കെ രാമചന്ദ്രൻ |
| 9 | 8/370 A | എം നിസ്സാർ |
| 10 | 9/53 | സതീശൻ |
| 11 | 9/520 | വേണുഗോപാലൻ |
| 12 | 18/34 | സുലോചന |
| 13 | 18/286 | കളത്തില് ശേഖരൻ |
| 14 | 18/341 | കുമാരൻ |
| 15 | 18/394 | സുരേന്ദ്രൻ |
| 16 | 17/585 | മനോഹരൻ |
| 17 | 11 65 | പുഷ്പവല്ലി |

അപാകങ്ങൾക്ക് മറുപടി നൽകാൻ വേണ്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 25/20-21 തീയതി 17/06/22 ലഭ്യമാക്കിയ മറുപടിയിൽ അപേക്ഷ ഹാജരാക്കിയിട്ടുണ്ടെന്നാണ് അറിയിച്ചത്. എന്നാൽ സാക്ഷ്യപത്രം/സത്യവാങ്മൂലം മറുപടിയുടെ കൂടെ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്. വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ കെട്ടിട നികുതി ഇളവിന് അർഹരായവരിൽ നിന്നും ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം/സത്യവാങ്മൂലം വാങ്ങി സൂക്ഷിക്കേണ്ടതാണ്. അപാകങ്ങൾ പരിഹരിക്കേണ്ടതും സാക്ഷ്യപത്രം/സത്യവാങ്മൂലം സമർപ്പിക്കാത്തവർക്ക് ഇളവ് നൽകുന്നത് ഒഴിവാക്കേണ്ടതുമാണ്.

## 1-15 വ്യാപാര സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന

കല്ല്യാശ്ശേരി ഗ്രാമ പഞ്ചായത്തിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നമ്പർ നൽകിയതിന്റെ വിവരങ്ങൾ സ്ഥാപനത്തിലെ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം താഴെപറയും പ്രകാരമാണ്.

| ക്രമ | കെട്ടിടങ്ങളുടെ തരം | എണ്ണം |
|---|---|---|

| നമ്പർ | | |
|---|---|---|
| 1 | 100 $M^2$ വരെയുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ | 1966 |
| 2 | 100 $M^2$ മുകളിലുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ | 330 |
| 4 | 200 $M^2$ മുകളിലുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ | 122 |
| 5 | വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടിക്കടകൾ, ഫ്യുവൽ സ്റ്റേഷൻ തുടങ്ങിയവ | 3 |
| 6 | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്ല്യാണ മണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തിയേറ്റർ | 3 |
| 7 | വ്യവസായ ആവശ്യത്തിനുള്ള കൈത്തറി ഷെഡ്, കയർപിരി ഷെഡ് | 520 |
| 8 | ഇതര വ്യവസായങ്ങൾക്കുള്ളവ | 80 |
| 9 | 200 $M^2$ വരെയുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ | 10 |
| | ആകെ | 3034 |

വാണിജ്യ/വ്യവസായ ആവശ്യങ്ങൾക്കായി 3034 കെട്ടിടങ്ങൾക്ക് നമ്പർ അനുവദിച്ചതായി സഞ്ചയ സോഫ്റ്റ് വെയറിൽ നിന്ന് വ്യക്തമാവുന്നുണ്ട്. എന്നാൽ 2020-21 വർഷം എഫ് ടി ഇ ആന്റ് ഒ എസ് ലൈസൻസ് നൽകിയതിന്റെ രേഖകൾ പരിശോധിച്ചപ്പോൾ വാണിജ്യാവശ്യത്തിന് കെട്ടിട നമ്പർ അനുവദിച്ച 612 കെട്ടിടങ്ങൾ മാത്രമേ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളൂ. അത്രയും സ്ഥാപനങ്ങൾ മാത്രമേ വാണിജ്യ ഉപയോഗങ്ങൾക്കായി പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുത്തിട്ടുള്ളൂ. ബാക്കിയുള്ള 2422 കെട്ടിടങ്ങളിൽ ഏതുതരം സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത് എന്ന വിവരം ലഭ്യമാക്കിയിട്ടില്ല. ആകെ കെട്ടിട നമ്പർ അനുവദിച്ചതിന്റെ 20 % കെട്ടിടങ്ങളിൽ മാത്രമാണ് ലൈസൻസ് അനുവദിച്ച് വ്യാപാര – വാണിജ്യ പ്രവർത്തനങ്ങൾ നടത്തുന്നത്. ബാക്കിയുള്ള 80% കെട്ടിടങ്ങളിൽ ലൈസൻസ് ഇല്ലാതെ വ്യാപാര-വാണിജ്യ പ്രവർത്തനങ്ങൾ നടത്താൻ സാധ്യതയുണ്ട്. ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് പഞ്ചായത്തിന് വരുമാന നഷ്ടത്തിനു മാത്രമല്ല പൊതുജനങ്ങളുടെ ആരോഗ്യത്തിനും സുരക്ഷിതത്ത്വത്തിനും ഹാനികരമാകാനും സാധ്യതയേറെയാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.09/15.06.2022) ലഭ്യമാക്കിയ മറുപടിയിൽ മിക്ക കെട്ടിട മുറികളിലും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നും ബാക്കിയുള്ള കെട്ടിടങ്ങളെ ലൈസൻസ് എടുപ്പിക്കുന്നതിനുള്ള ഫീൽഡ്തല പ്രവർത്തനങ്ങൾ നടന്നു വരികയാണെന്നുമാണ് അറിയിച്ചിട്ടുള്ളത്. വാണിജ്യാവശ്യത്തിന് നമ്പർ നൽകിയ മുഴുവൻ കെട്ടിടങ്ങളുടെയും നിജസ്ഥിതി പരിശോധിച്ച് ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-16 അനധികൃത നിർമ്മാണ രജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകങ്ങൾ

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19.05.2014 തിയതിയിലെ 29342/ആർ.എ1/2014/തസ്വഭവ നമ്പർ സർക്കുലറിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അനധികൃത നിർമ്മാണ രജിസ്റ്റർ സൂക്ഷിക്കേണ്ടതിനെക്കുറിച്ചും രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ട വിവരങ്ങളെക്കുറിച്ചും വ്യക്തമായ നിർദേശങ്ങൾ നൽകിയിട്ടുണ്ട്. കല്ല്യാശ്ശേരി ഗ്രാമ പഞ്ചായത്തിൽ പരിപാലിച്ച് വരുന്ന അനധികൃത നിർമ്മാണ രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. സഞ്ചയ പ്രകാരം പഞ്ചായത്തിൽ അഞ്ച് അനധികൃത കെട്ടിടങ്ങളാണുള്ളത്. എന്നാൽ ഈ കെട്ടിടങ്ങളുടെ ചട്ടലംഘനങ്ങളുടെ വിശദാംശങ്ങൾ, അവ പരിഹരിക്കപ്പെട്ടതിന്റെ വിശദാംശങ്ങൾ, ചട്ടലംഘനത്തിനെതിരെ സ്വീകരിച്ച നടപടികൾ എന്നിവയൊന്നും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

2. സർക്കാർ ഉത്തരവ് നം. (എം,എസ്) 170/2016 തസ്വഭവ തീയതി 16.11.2016ലെ ഉത്തരവ് (3) പ്രകാരം UA നമ്പർ നൽകുന്ന വീടുകളുടെ പൂർണ്ണ വിവരം നിർമ്മാണത്തിന്റെ സ്റ്റേജ് വ്യക്തമായി മനസ്സിലാക്കുന്ന വിധം ഫോട്ടോയെടുത്ത് പഞ്ചായത്ത് അധികൃതർ രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതാണ്. ഈ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല.

3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പരിപാലിക്കേണ്ട അനധികൃത നിർമ്മാണ രജിസ്റ്ററിന്റെ മാതൃക തദ്ദേശ

സ്വയംഭരണ വകുപ്പിന്റെ 19.05.2014 ലെ നം.29342/RA1/2014/ത.സ്വ.ഭ.വ സർക്കുലറിന്റെ അനുബന്ധം 1 ൽ ചേർത്തിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ പരിപാലിച്ച വരുന്ന അനധികൃത നിർമ്മാണ രജിസ്റ്റർ ഈ മാതൃകയിലുള്ളതല്ല.

സർക്കാർ നിർദ്ദേശ പ്രകാരമുള്ള മാതൃകയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 ക്ഷേമ പെൻഷൻ അനുവദിച്ചതിലെഅപാകതകൾ

ഗ്രാമ പഞ്ചായത്തിലെ മരണ രജിസ്റ്റർ പ്രകാരം ഈ പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തിട്ടുള്ളതും ക്ഷേമ പെൻഷൻ കൈപ്പറ്റിവന്നിരുന്നതുമായ ഏതാനും വ്യക്തികളുടെ വിവരങ്ങൾ സേവന വെബ്സൈറ്റിൽ പരിശോധിച്ചപ്പോൾ ചുവടെ ചേർത്ത ഗുണഭോക്താക്കളുടെ മരണശേഷവും പെൻഷൻ തുക അനുവദിച്ചിട്ടുണ്ടെന്ന് കാണാൻ സാധിച്ചു.

| ക്രമ നമ്പർ | പേര് | പെൻഷൻ ഐ ഡി | പെൻഷൻ ഇനം | മരണപ്പെട്ട തീയതി | റിമാർക്സ് | അധികം അനു വദിച്ച തുക |
|---|---|---|---|---|---|---|
| 1 | കെ ബാലൻ | 111100202552 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 7/01/2020 | പെൻഷൻ സ്റ്റാറ്റസ് സസ്പെൻഡഡ് ആണ്. 2020 സെപ്റ്റമ്പർ മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. | 10300 |
| 2 | ഹരീന്ദ്രൻ പി വി | 111100200634 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 01/08/2020 | പെൻഷൻ സ്റ്റാറ്റസ് സസ്പെൻഡഡ് ആണ്. 2020 സപ്തംബർ മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. | 2700 |
| 3 | അച്യുതൻ കെ | 111100202010 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 22/08/2020 | പെൻഷൻ സ്റ്റാറ്റസ് സസ്പെൻഡഡ് ആണ്. 2020 ഒക്ടോബർ മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. | 3000 |
| 4 | കെ കെ ശ്രീനിവാസൻ | 111320200847 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 24/08/2020 | പെൻഷൻ സ്റ്റാറ്റസ് സസ്പെൻഡഡ് ആണ്. 2020 ഒക്ടോബർ മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. | 3000 |
| 5 | ദാമോദരൻ പി വി | 111100203062 | വിധവ പെൻഷൻ | 27/12/2019 | പെൻഷൻ സ്റ്റാറ്റസ് സസ്പെൻഡഡ് ആണ്. 2020 ഏപ്രിൽ മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. | 4900 |
| 6 | ഗോവിന്ദൻ പി | 111100200753 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 04/02/2020 | പെൻഷൻ സ്റ്റാറ്റസ് സസ്പെൻഡഡ് ആണ്. 2020 ഏപ്രിൽ മാസം വരെ പെൻഷൻ തുക | 2500 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. | |
| 7 | കുമാരന് കെ | 111100201644 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 11/02/2020 | പെൻഷൻ സ്റ്റാറ്റസ് സസ്പെൻഡഡ് ആണ്. 2020 ഏപ്രിൽ മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. | 3000 |
| 8 | മുഹമ്മദ് കെ വി | 111100202674 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 27/03/2020 | പെൻഷൻ സ്റ്റാറ്റസ് സസ്പെൻഡഡ് ആണ്. 2020 ഏപ്രിൽ മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. | 1300 |
| 9 | പ്രഭാകരൻ പി.പി | 111100202653 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 21/03/2020 | പെൻഷൻ സ്റ്റാറ്റസ് സസ്പെൻഡഡ് ആണ്. 2020 ഏപ്രിൽ മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. | 1300 |
| | | | | | ആകെ | 32000 |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (27/18.06.22) ലഭ്യമാക്കിയ മറുപടിയിൽ മരണപ്പെട്ട മാസത്തിനു ശേഷം തുടർന്നുള്ള മാസം മുതൽ പെൻഷണറുടെ അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ആയത് അതത് ബാങ്കുകളുമായി ബന്ധപ്പെട്ട് തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണെന്ന് അറിയിച്ചിട്ടുണ്ട്. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും മരണശേഷം അനുവദിച്ച പെൻഷൻ തുക ബാങ്കിൽ നിന്നോ, അക്കൗണ്ടിലെ തുക അവകാശികൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്നോ തിരികെ ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 1-18 വീട്ടുവളപ്പിൽ ബയോഫ്ലോക്ക് – രേഖകൾ ഹാജരാക്കിയിട്ടില്ല - ₹52,812 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ഫിഷറീസ് സബ് ഇൻസ്പെക്ടർ |
| പ്രോജക്ട് നം. & പേര് | 230/2020-21, സുഭിക്ഷ കേരളം - വീട്ടുവളപ്പിൽ ബയോഫ്ലോക്ക് (തിലാപ്പിയ) |
| അടങ്കൽ<br><br>ആകെ | ₹55200 (സംസ്ഥാന വിഹിതം)<br>₹55200 (തനത് ഫണ്ട്)<br>₹55200 (ജില്ലാ പഞ്ചായത്ത് വിഹിതം)<br>₹248400 (മറ്റുള്ളവ)<br>4,14,000 |
| ചെലവ് | ₹26,406 (തനത് ഫണ്ട്)<br>₹26,406 (ജില്ലാ പഞ്ചായാത്ത് വിഹിതം) |

| | |
|---|---|
| | ₹52,812 |
| ബിൽ നം., ചെക്ക് നം. & തീയതി | 1/2020-21/31.3.2021 -₹26,406<br>0422897/31.3.2021 - ₹26,406 |

പദ്ധതി നിർവഹണത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. പദ്ധതിയുടെ ഗുണഭോക്താക്കളായി 5 പേരെ തെരഞ്ഞെടുത്തിട്ടുണ്ട്. അതിൽ പുഷ്പരാജൻ കെ വി , വി വി ദാസൻ എന്നിവർ അപേക്ഷയും ചെലവ് രേഖകളും സമർപ്പിച്ചിട്ടുണ്ട്. മേൽ ബിൽ പ്രകാരം ₹52,812 ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ടി തുക ആർക്കാണ് നൽകിയതെന്നതിന്റെ വിവരം ബന്ധപ്പെട്ട ഫയലിൽ ഇല്ല.

2. പ്രോജക്റ്റിന്റെ കോപ്പി ഫയലിൽ ഉൾപ്പെടുത്താത്തതിനാൽ പ്രോജക്റ്റ് നിർവഹണം എപ്രകാരമാണെന്നും എത്ര പേർക്ക് വേണ്ടിയാണ് വിഭാവനം ചെയ്തതെന്നും വ്യക്തമല്ല.

മേൽ പരാമർശങ്ങൾക്ക് വിശദീകരണം രേഖകൾ / പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 18.06.2022ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ ₹52,812 തടസ്സപ്പെടുത്തുന്നു.

## 1-19 വെറ്റിനറി സർജൻ നിർവഹണം നടത്തിയ ചുവടെ ചേർത്തിട്ടുള്ള പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

1.

| | |
|---|---|
| പ്രോജക്റ്റ് നം. & പേര് | 28/2020-21, പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി |
| അടങ്കൽ & ചെലവ് | ₹275000 (വികസന ഫണ്ട്)<br>₹275000 (ഗുണഭോക്തൃ വിഹിതം )<br>₹550000 |
| ബിൽ നം. & തീയതി | P2/2020-21,20.11.2020 -₹275000 |

2.

| | |
|---|---|
| പ്രോജക്റ്റ് നം. & പേര് | 228/2020-21, കന്നുകുട്ടികളെ ദത്തെടുക്കൽ |
| അടങ്കൽ & ചെലവ് | ₹125000 (വികസന ഫണ്ട്)<br>₹125000 (ജില്ലാ പഞ്ചായത്ത്)<br>₹250000 (ഗുണഭോക്തൃ വിഹിതം )<br>₹500000 |
| ബിൽ നം. & തീയതി | P7/2020-21,28.3.2021 -₹125000<br>P8/2020-21,28.3.2021 -₹125000 |

ഗുണമേന്മയുള്ള തീറ്റ നൽകി കന്നുകുട്ടികളെ നല്ല പാലുല്പാദകരാക്കുക എന്നതാണ് പദ്ധതികളുടെ ലക്ഷ്യം. പാറക്കടവ് ക്ഷീരോല്പാദക സഹകരണ സംഘം മുഖേനയാണ് കാലിത്തീറ്റ വിതരണം ചെയ്യുന്നത് . പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് S L B P ഡെപ്യൂട്ടി ഡയറക്ടറുടെ അക്കൗണ്ടിലേക്ക് ( A/c No.719011400000003) മേൽ ബില്ലുകൾ പ്രകാരം ₹10,50,000 (5,50,000+5,00,000) അനുവദിച്ചിട്ടുണ്ട് . എന്നാൽ പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-20 അങ്കണവാടി പോഷകാഹാരം - അമൃതം ന്യൂട്രിമിക്സ് തുകയിൽ നിന്നും ജിഎസ് ടി-ടിഡിഎസ് കുറവ് ചെയ്തിട്ടില്ല

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥ | ഐസിഡിഎസ് സൂപ്പർവൈസർ |
| പ്രോജക്റ്റ് നം. & പേര് | 94/20-21,അങ്കണവാടി അനുപൂരക പോഷകാഹാര പദ്ധതി |
| അടങ്കൽ | ₹1589000 (വികസന ഫണ്ട്) |

| | |
|---|---|
| | ₹1000000 (കേന്ദ്ര ഫണ്ട്)<br>₹1140000 (തനത് ഫണ്ട്)<br>------------<br>₹3729000 |
| ചെലവ് | ₹ 1589000 (വികസന ഫണ്ട്)<br>₹ 1000000 (കേന്ദ്ര ഫണ്ട്)<br>₹ 864439 (തനത് ഫണ്ട്)<br>------------<br>₹3453439 |
| ബിൽ നം.,ചെക്ക് നം. & തീയതി | 5/23.7.2020 - ₹1110866<br>97/28.9.2020 - ₹159020<br>8/14.10.2020 - ₹130114<br>12/27.1.2021 - ₹189000<br>JN2310057/1.1.2021- ₹278295<br>773791/1.2.2021 -₹7960<br>2320059/18.2.2021 - ₹293536<br>5963119/19.2.2021 - ₹827764<br>773798/23.3.2021 -₹296140<br>773799/26.3.2021 - ₹124069<br>773800/29.3.2021 - ₹36675 |

സി.ജി.എസ്.ടി ആക്ട് 2017, എസ്.ജി.എസ്.ടി ആക്ട് 2017 എന്നിവയിലെ വകുപ്പ് 51(1) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്തതിന ശേഷം തുക അനുവദിക്കുമ്പോൾ ആകെ കരാർ തുക 2.50 ലക്ഷം രൂപയിൽ അധികമാണെങ്കിൽ സ്രോതസ്സിൽ നിന്നും ജി എസ് ടി ഒഴികെയുള്ള തുകയുടെ 2% ജി.എസ്.ടി ടി.ഡി.എസ് (1% CGST + 1%SGST) ഈടാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിലെ 23അങ്കണവാടികൾക്കായി തേജസ്സ് ഫുഡ് സപ്ലിമെന്ററി യൂണിറ്റിൽ നിന്നും വാങ്ങിയ അമൃതം ന്യൂട്രിമിക്സിന്റെ തുകയിൽ നിന്നും ടിഡിഎസ് ഈടാക്കിയിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇൻവോയിസ് നം. & തീയതി | തുക (ജി എസ് ടി ഒഴികെയുള്ള തുക) (₹) | ബിൽ നം., ചെക്ക് നം. & തീയതി |
|---|---|---|---|
| 1 | 77/24.3.2020 | 124976 | 5/23.7.2020 |
| 2 | 81/21.4.2020 | 128520 | |
| 3 | 85/21.5.2020 | 142458 | |
| 4 | 94/22.7.2020 | 154271 | |
| 5 | 99/5.9.2020 | 155058 | SB/XY5963119/ 19.2.2021 |
| 6 | 104/1.10.2020 | 161358 | |
| 7 | 106/2.11.2020 | 147420 | |
| 8 | 110/28.11.2020 | 198450 | |
| 9 | 121/23.2.2021 | 153090 | |

| | | | |
|---|---|---|---|
| | ആകെ | 13,65,601 | |

മേൽ തുകയിൽ നിന്നും ടിഡി എസ് ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.14/16.6.2022 ന് ജി എസ് ടിയെ കുറിച്ചുള്ള അധിക വിവരങ്ങൾ വകുപ്പുതലത്തിൽ നിന്നും ലഭിച്ചിട്ടില്ലെന്നും ഇത്തരം അപാകങ്ങൾ ആവർത്തിക്കില്ലെന്നും അടുത്ത ബില്ലിൽ ടി ഡി എസ് കുറവ് ചെയ്തതിന് ശേഷം ബിൽ തുക നൽകുന്നതാണെന്നുള്ള മറുപടിയാണ് നൽകിയത്. സർക്കാർ നിർദ്ദേശാനുസരണമുള്ള തുക സ്രോതസ്സിൽ നിന്നും കുറവ് ചെയതശേഷം ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് തുക നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-21 ന്യൂട്രിമിക്സ് സാമ്പിൾ -പരിശോധന കൃത്യമായി നടത്തണം

2020-21 വർഷം പദ്ധതിക്കായി ഐ.സി.ഡി.എസ്.സൂപ്പർവൈസർ അങ്കണവാടി അനുപൂരക പോഷകാഹാര പദ്ധതിക്കായി (ജനറൽ) ₹34,53,439ചെലവഴിച്ചിട്ടുണ്ട്. ആയതിൽ ₹13,65,601 ചെലവഴിച്ചിരിക്കുന്നത് ജീവശ്രീ അമൃതം ന്യൂട്രിമിക്സ്, ഇരിണാവ് എന്ന സ്ഥാപനത്തിൽ നിന്നും അമൃതം ന്യൂട്രിമിക്സ് വാങ്ങുന്നതിനാണ്.

22.09.2014-ലെ സ.ഉ (സാധാ) നം. 587/2014/ പ്രകാരം കുടുംബശ്രീ ന്യൂട്രിമിക്സ് നിർമ്മാണ യൂണിറ്റുകൾ ഉൽപ്പാദിപ്പിച്ച് അങ്കണവാടികളിൽ വിതരണം ചെയ്യുന്ന അമൃതം ന്യൂട്രിമിക്സിന്റെ നിർമ്മാണം സംബന്ധിച്ച് സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രോസീജിയർ പ്രകാരം ലാബ് ടെസ്റ്റ് നടത്തി ഗുണമേൻമ ഉറപ്പു വരുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സംയോജിത ശിശു വികസന സേവന പദ്ധതിയുടെ ഭാഗമായി അങ്കണവാടികൾ ഓരോ രണ്ടു മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷന്റെയും സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കാനും ലാബ് ടെസ്റ്റുകളുടെ പരിശോധനാ ഫലം തൃപ്തികരമാണെങ്കിൽ മാത്രം ഭക്ഷ്യ മിശ്രിതത്തിന്റെ വില മുതലായവ ന്യൂട്രിമിക്സ് യൂണിറ്റുകൾക്ക് നല്കിയാൽ മതിയെന്നും സാമൂഹ്യക്ഷേമ ഡയറക്ടർ നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം ലാബ് ടെസ്റ്റ് നടത്തി ഗുണനിലവാരം ഉറപ്പുവരുത്തിയാണോ അങ്കണവാടികളിൽ ഇതിന്റെ വിതരണം നടത്തിയിരിക്കുന്നത് എന്ന് വിശദമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണം നം.4/15.06.2022-ന് ലഭ്യമാക്കിയ മറുപടിയിൽ 2020-21 ൽ കോവിഡ് സാഹചര്യമായതിനാൽ ലാബ് പ്രവർത്തിച്ചിട്ടില്ലായെന്ന മറുപടിയാണ് ലഭ്യമാക്കിയിരിക്കുന്നത്.

രണ്ട് മാസത്തിലൊരിക്കൽ ലാബ് ടെസ്റ്റ് നടത്തി ന്യൂട്രിമിക്സിന്റെ ഗുണനിലവാരം ഉറപ്പാക്കിയതിനു ശേഷം മാത്രം കുട്ടികൾക്ക് വിതരണം ചെയ്യുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-22 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് - അനുവദനീയമായതിലും അധികം തുക 6500/-അനുവദിച്ചു.

| നിർവ്വഹണം | ഐസിഡി എസ് സൂപ്പർവൈസർ |
|---|---|
| പ്രോജക്ട് നമ്പർ/പേര് | 159/20-21, ശാരീരീക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് |
| അടങ്കൽ | ₹706255(വികസന ഫണ്ട്)<br>₹300000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>₹375000 (ജില്ലാ പഞ്ചായത്ത് വിഹിതം)<br>₹13,81,255 |
| ചെലവ് | ₹706255<br>₹375000<br>10,81,255 |
| ബിൽ നം. & തീയതി | 6/25.9.2020 - ₹283850<br>9/11.1.2021 - ₹1,65,800<br>12/27.1.2021 -₹2,56,605<br>14/23.2.2021 -₹3,66,900<br>22/27.3.2021 -₹8,100 |

ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട 82 ശാരീരീക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതാണ് പദ്ധതി. പദ്ധതി നിർവഹണത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

14.2.2018 ലെ സ.ഉ (കൈ) നം.22/2018/തസ്വഭവ നം. ഉത്തരവിലെ ഖ7.1.6 (എ), പ്രകാരം ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന ക്ലാസ്സുകൾക്കനുസരിച്ച നിരക്കിലും ഖ7.1.6 (ബി) പ്രകാരം മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് ഒരു വർഷം പരമാവധി 28500രൂപ നിരക്കിലുമാണ് സ്കോളർഷിപ്പ് അനുവദിക്കേണ്ടത്. എന്നാൽ ചുവടെ ചേർത്തിട്ടുള്ള വിദ്യാർത്ഥികൾക്ക് നിർദ്ദിഷ്ട നിരക്കിലും അധികം തുക അനുവദിച്ചിട്ടുണ്ട്.

| ക്രമ നം | വിദ്യാർത്ഥിയുടെ പേര് | വൈകല്യത്തിന്റെ സ്വഭാവം | അനുവദനീയമായ തുക | അനുവദിച്ചത് | അധികം അനുവദിച്ചത് |
|---|---|---|---|---|---|
| 1 | അഖിൽ സുനിൽ | Mental Retardation | ₹28500 | ₹29000 | ₹500 |
| 2 | അനഘ സി Degree II Year | Visually Impaired | ₹13000 | ₹19000 | ₹6000 |
| | അധികം അനുവദിച്ചത് | | | | ₹6500 |

മേൽ വിദ്യാർത്ഥികൾക്ക് അധികം തുക അനുവദിച്ചിട്ടുണ്ടെന്നും അടുത്ത സാമ്പത്തിക വർഷം ആയത് കുറവ് ചെയ്യുണമെന്നും സ്കോളർഷിപ്പ് വിതരണവുമായി ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തുകയും, ആയതിന് കുമാരി അനഘ സി എന്ന വിദ്യാർത്ഥിനിയുടെ അമ്മയുടെ സമ്മതപത്രം രജിസ്റ്ററിൽ പതിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ കാര്യത്തിൽ സ്വീകരിച്ച നടപടി വിവരങ്ങൾ അറിയിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 5/15.6.2022 ന് നിർവഹണ ഉദ്യോഗസ്ഥ സ്ഥലം മാറിപോകുന്നതിന് മുമ്പ് പുതുതായി ചാർജ് എടുത്ത സൂപ്പർവൈസറുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നെന്നും എന്നാൽ 2021-22 വർഷം കുറവ് ചെയ്തിട്ടില്ലെന്നും 2022-23 വർഷം കുറവ് ചെയ്യുമെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്.

ഭിന്നശേഷി കുട്ടികൾക്കുള്ള സ്കോളർഷിപ്പുമായി ബന്ധപ്പെട്ട രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതും ഓരോ വിദ്യാർത്ഥിക്കും അർഹതപ്പെട്ട തുകയോണോ അനുവദിക്കുന്നതെന്ന് പരിശോധിച്ച് ഉറപ്പാക്കിയതിന് ശേഷം മാത്രം അതത് അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്യാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-23 അങ്കണവാടികളുടെ ഭൌതിക സാഹചര്യം മെച്ചപ്പെടുത്തണം

കല്ല്യാശ്ശേരി ഗ്രാമ പഞ്ചായത്തിൽ ആകെ 23 അങ്കണവാടികളാണുള്ളത്. അവയുടെ ഭൗതിക സാഹചര്യം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഭൗതിക സാഹചര്യം | അങ്കണവാടികളുടെ എണ്ണം |
|---|---|---|
| 1 | സ്വന്തം കെട്ടിടം ഇല്ലാത്തവ | 6 |
| 2 | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 5 (ഇവയിൽ ഒന്ന് പഞ്ചായത്ത് കെട്ടിടത്തിൽ വാടകയില്ലാതെ പ്രവർത്തിക്കുന്നു) |
| 3 | ചുറ്റുമതിൽ ഇല്ലാത്തവ | 13 |
| 4 | വൈദ്യുതി കണക്ഷൻ ഇല്ലാത്തവ | 0 |
| 5 | കുടിവെള്ള കണക്ഷൻ ഇല്ലാത്തവ | 0 |
| 6 | ടോയ്‌ലെറ്റ് സൌകര്യം ഇല്ലാത്തവ | 0 |
| 7 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്തവ | 0 |

23 അങ്കണവാടികളിൽ 13 അങ്കണവാടികൾക്ക് ചുറ്റുമതിൽ ഇല്ലാത്തത് ഗൗരവപരമായി കാണേണ്ട വസ്തുതയാണ്. തദ്ദേശ സ്വയം ഭരണ (ഡിസി) വകുപ്പിന്റെ 3.9.2010 ലെ 39033/DC2/10/ തസ്വഭവ നം. സർക്കുലർ പ്രകാരം പൂരകപോഷകാഹാര പരിപാടിക്കായി ലഭ്യമാക്കുന്ന കേന്ദ്ര ധനസഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലം ഇല്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികൾക്ക് കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന

സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്ന പാത്രങ്ങൾ, സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിൽ ഇപ്രകാരം ₹2,24,807 രൂപ ശേഷിക്കുന്നുണ്ട്. മേൽ നിർദ്ദേശം പാലിക്കുന്നതിലേക്കായി ആയത് ഉപയോഗപ്പെടുത്തുന്നതിന് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-24 ക്യാഷ് ബുക്ക് സൂക്ഷിക്കുന്നില്ല

ജി ഒ (പി) 177/2006 തി 12.04.2006 18.3 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ ടി ആർ 7 എ ക്യഷ് ബുക്കിൽ ഡിപ്പാർട്ടുമെന്റ് ഫണ്ടിന്റെയും തദ്ദേശഭരണ സ്വയം ഭരണസ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും വരവ് ചെലവ് വിവരം ഉൾപ്പെടെ കണക്കുകൾ രേഖപ്പെടുത്തണം. കൂടാതെ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടുകളുടെ വരവ് ചെലവ് പ്രത്യേകം രേഖപ്പെടുത്തുന്ന സബ്സിഡിയറി ക്യാഷ് ബുക്ക് (അനുബന്ധം IV) സൂക്ഷിക്കണം. ഇപ്രകാരമുള്ള കാഷ് ബുക്ക് നിർവ്വഹണ ഉദ്യോഗസ്ഥരായ ഫിഷറീസ് സബ് ഇൻസ്പെക്ടർ, വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ എന്നിവർ സൂക്ഷിക്കുന്നില്ല. വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർമാർ സബ്സിഡയറി ക്യാഷ് ബുക്ക് സൂക്ഷിക്കുന്നുണ്ട്. സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ക്യാഷ് ബുക്ക്, സബ്സിഡയറി ക്യാഷ് ബുക്ക് എന്നിവ ക്രമപ്രകാരം സൂക്ഷിക്കേണ്ടതാണ്.

## 1-25 മഴക്കാല പൂർവ്വ ശുചീകരണം - വൗച്ചറുകളും വിനിയോഗ വിവരങ്ങളും ലഭ്യമാക്കിയില്ല- ₹ 270000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി, കല്ല്യാശ്ശേരി ഗ്രാമ പഞ്ചായത്ത്

മഴക്കാല പൂർവ്വ ശുചീകരണം/പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾക്കായി വാർഡ് സാനിറ്റേഷൻ കമ്മിറ്റി ചെയർമാന് താഴെ പറയും പ്രകാരം തുക കൈമാറിയിട്ടുണ്ട്.

| വൗച്ചർ നമ്പർ, തീയതി | തുക ₹ | വാർഡ് |
|---|---|---|
| 22000187, 16-06-2020<br>22000193, 16-06-2020 | 180000<br>15000 | വാർഡ് III മുതൽ XV വരെ |
| 22000188, 16-06-2020 | 15000 | I |
| 22000187, 16-06-2020 | 15000 | II |
| 22000187, 16-06-2020 | 15000 | XVI |
| 22000187, 16-06-2020 | 15000 | XVII |
| 22000187, 16-06-2020 | 15000 | XVIII |
| ആകെ | ₹ 270000 | |

തുക ചെലവഴിച്ചതിന്റെ വൗച്ചറുകളും വിനിയോഗ വിവരങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (31/18-22) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹ 270000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-26 ഐ കെ എം ന് വിഹിതം നൽകൽ- വിനിയോഗ വിവരം ലഭ്യമാക്കിയില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പർ, പേര് | 3/21, ഐ കെ എം ന് വിഹിതം നൽകൽ |

| | |
|---|---|
| അടങ്കൽ | ₹ 62,945 (വികസന ഫണ്ട്, ജനറൽ) |
| ചെലവ് | ₹62,945 ബിൽ നമ്പർ 8/20-21, 14-9-20 |

ഐ കെ എം ന് വിഹിതം കൈമാറുന്നതിനായി മേൽ പ്രോജക്ട് പ്രകാരം വികസന ഫണ്ടിൽ നിന്നും ₹62945 പിൻവലിച്ച് ഇൻഫർമേഷൻ കേരള മിഷന്റെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ 57047023512, എസ് ബി ഐ) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ഇൻഫർമേഷൻ കേരള മിഷനിൽ നിന്നുള്ള തുകയുടെ കൈപ്പറ്റ് വിവരവും വിനിയോഗ സാക്ഷ്യപത്രവും ഫയലിൽ സൂക്ഷിച്ചിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ലഭ്യമാക്കി പരാമർശം ഒഴിവാക്കേ ണ്ടതാണ്.

## 1-27 തനത് ഫണ്ട് പലിശരഹിത അക്കൗണ്ടിൽ സൂക്ഷിക്കുന്നത് - പലിശയിനത്തിൽ വരുമാന നഷ്ടമുണ്ടാകുന്നു.

ഗ്രാമപഞ്ചായത്തിൽ വസ്തുനികുതി ഇ-പേയ്മെന്റ് അക്കൗണ്ട് കറന്റ് അക്കൗണ്ടാണ്. വസ്തുനികുതി ഇ-പേയ്മെന്റ് അക്കൗണ്ടിൽ വരുന്ന തുക നിശ്ചിത ഇടവേളകളിൽ ഗ്രാമപഞ്ചായത്തിന്റെ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റേണ്ടതായിരുന്നു. അക്കൗണ്ടിന്റെ വിശദവിവരം ചുവടെ കൊടുക്കുന്നു.

| ബാങ്ക് വിവരം | നീക്കിയിരിപ്പ് | | |
|---|---|---|---|
| | 31-03-2020 | 31-03-2021 | 14-02-2022 |
| എസ് ബി ഐ (അക്കൗണ്ട് നമ്പർ - 36888205977) | 616251 | 4009582 | 2726453.46 |

ഗ്രാമപഞ്ചായത്ത് മേല്പറഞ്ഞ അക്കൗണ്ടിലെ തനത് വരുമാനം യഥാസമയം സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റാതെ പലിശരഹിത അക്കൗണ്ടിൽ നിലനിർത്തിയത് വഴി പലിശയിനത്തിൽ ലഭിക്കുമായിരുന്ന വരുമാനനഷ്ടമുണ്ടായത് സംബന്ധിച്ച് മറുപടി ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(32/18-6-22) "ഇ-പേയ്മെന്റ് അക്കൗണ്ടിലേക്ക് വരുന്ന തനത് വരുമാനങ്ങളിൽ പരമാവധി ചെലവുകൾ അതേ അക്കൗണ്ടിൽ നിന്നുതന്നെ വഹിക്കുന്നതാണെന്നും പലിശരഹിത അക്കൗണ്ടിൽ നിന്നും യഥാസമയം തുക ചെലവഴിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും മാസാവസാനം സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് തുക മാറ്റി നിക്ഷേപിക്കുന്നതാണെന്നും" സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. തുക മാറ്റി നിക്ഷേപിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-28 കാലാവധിയ്ക്കകം പ്രവൃത്തി പൂർത്തീകരിക്കാത്തതിനു പിഴ ഈടാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ<br>(കല്യാശ്ശേരി ഗ്രാമ പഞ്ചായത്ത്) |
| പ്രോജക്ട് നം/പേര് | 179/19-20<br>174/20-21<br>PHC കെട്ടിട നവീകരണം |
| എസ്റ്റിമേറ്റ് തുക | ₹995000 |
| പി എ സി തുക | ₹892987.46 |
| ബിൽ നമ്പർ, തീയതി, ചെലവ് തുക | 1. 52023501468004 തീ. 22.03.19 തുക ₹110707<br>2. 52023500058510 തീയതി 11/4/20 തുക ₹184293<br>തീയതി 9/3/2020 തുക ₹179073<br>52023500138959 തീയതി 11/4/2020 തുക ₹367000<br>ആകെ തുക- ₹841073 |
| കരാറുകാരന്റെ പേര് | ശ്രീ. വാസു.എം |
| എം ബുക്ക് നമ്പർ | 55/19<br>57/20 |

| | |
|---|---|
| കരാർ നമ്പർ | 51/25-2-2019 |

ആറുമാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കുവാനായി 25/2/2019 ന് കരാർ ചമച്ച പ്രസ്തുത പ്രവൃത്തി24/8/2019നകം പൂർത്തീകരിക്കേണ്ടിയിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചത് 15/2/2020 ന് മാത്രമാണ്. കാലതാമസത്തിനു കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112 പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല. ആയതിനുള്ള വിശദീകരണം ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 16/16-6-2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തി ആറുമാസത്തോളം വൈകിയതിനു വ്യക്തമായ കാരണം ഇല്ലാതിരിക്കെ സപ്ലി. എഗ്രിമെന്റോ ഭരണസമിതി തീരുമാനമോ ഇല്ലാതെ പ്രവൃത്തി വൈകിയതിന് പിഴ ഈടാക്കേണ്ടതാണ്.

## 1-29 16 മാസത്തിലധികം കാലയളവ് വൈകി പ്രവൃത്തി പൂർത്തീകരിച്ചത്- പിഴ ഒഴിവാക്കിയത് - സാധൂകരിച്ചത് അംഗീകരിക്കുന്നില്ല

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ<br>(കല്യാശ്ശേരി ഗ്രാമ പഞ്ചായത്ത്) |
| പ്രോജക്ട് നം/പേര് | 99/17-18<br>SO 236/18-19<br>SO 210/20-21<br>ഗവ.എൽപി സ്കൂളിന് ഒന്നാം നില നിർമാണം |
| ഫണ്ടിനം | തനത് ഫണ്ട് |
| എസ്റ്റിമേറ്റ് തുക | ₹1320000 |
| ബിൽ നമ്പർ,തീയതി,ചെലവ് തുക | 24/6-8-20 തുക 395749<br>12/29-6-20 തുക 500000<br>ആകെ ₹ 8,95,749 |
| പി എ സി തുക | 1216715.99 |
| കരാറുകാന്റെ പേര് | ശ്രീ. മുഹമ്മദ് അനാസ്.സി.സി |
| എം ബുക്ക് നമ്പർ | 53/17-18<br>2/6-8-2019 |
| കരാർ നമ്പർ | 53/17-18 Dated 7/3/2018 |

എട്ടുമാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കുവാനായി 7/3/2018 ന് കരാർ ചമച്ച പ്രസ്തുത പ്രവൃത്തി 7/11/2018നകം പൂർത്തീകരിക്കേണ്ടിയിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചത് 20/3/2020ന് മാത്രമാണ്. മേൽ കാലതാമസത്തിനു കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112 പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല. ആയതിനുള്ള വിശദീകരണം ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 15 തീയതി 16-06-2022 ന് മറുപടിയായി പിഴ കൂടാതെ ബിൽ നൽകിയ നടപടി സാധൂകരിച്ച് തീരുമാനിച്ചതിന്റെ ഭരണസമിതി തീരുമാനം ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ 7/11/2018 ന് പൂർത്തീകരിക്കേണ്ടുന്ന ഒരു പ്രവൃത്തി 16 മാസത്തിലധികം കാലയളവ് വൈകി പൂർത്തീകരിച്ചത് സംബന്ധിച്ച്, കരാറുകാരന്റെ അപേക്ഷ, സപ്ലിമെന്റ് കരാർ ചമയ്ക്കുക, ഭരണ സമിതി അംഗീകാരം തുടങ്ങി യാതൊരുവിധ നടപടിക്രമങ്ങളും സ്വീകരിക്കാതെ പിഴ ഒഴിവാക്കിക്കൊണ്ട് ബിൽ നൽകിയ നടപടി പിന്നീട് സാധൂകരിച്ചത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

## 1-30 ഇ-ടെണ്ടർ പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില പഞ്ചായത്ത് ഫണ്ടിൽ വരവ് വെക്കേണ്ടതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

28/9/2013 ലെ GO(MS)No.318/2013 /LSGDപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 5 ലക്ഷം രൂപയോ അതിന് മുകളിൽ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ സംവിധാനംനടപ്പിലാക്കേണ്ടതുണ്ട്. ആയതു പ്രകാരം കല്യാശേരിഗ്രാമ പഞ്ചായത്ത് നടത്തിയ ഇ-ടെണ്ടർ പ്രവൃത്തികൾ സംബന്ധിച്ച് ജില്ലാ പഞ്ചായത്ത് എക്സി.എഞ്ചിനീയറുടെ അക്കൊണ്ടിൽ ക്രഡിറ്റ് ചെയ്യപ്പെട്ട തുകകൾനാളിതുവരെയും പഞ്ചായത്ത് ഫണ്ടിൽ വരവ് വച്ചിട്ടില്ല.

ഇത് സംബന്ധിച്ച് 17-6-2022 ന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 24ന് മറുപടിയായി 2015മുതൽ 2021വരെ ടെണ്ടർ ഫോറം വില ഇനത്തിൽ തുക ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയരുടെ ഇ-ടെണ്ടർ ഫീ അക്കൗണ്ടിൽ വരവ് വന്നതായി കാണുന്നുണ്ട് എന്നും ആയത് പഞ്ചായത്തിൽ വരവായി ലഭിക്കുവാനുള്ള തുടർ നടപടികൾ സ്വീകരിച്ച് വരുന്നതായും അറിയിച്ചിട്ടുണ്ട്.വിശദവിവരം ചുവടെ കൊടുക്കുന്നു.

| കാലയളവ് | തുക |
|---|---|
| 1/4/2015 To 31/3/2017 | 18986 |
| 1/4/2017 To 31/3/2019 | 123810 |
| 1/4/2019 To 31/3/2020 | 23972 |
| 1/4/2020 To 31/3/2021 | 45292 |
| ആകെ തുക | 212060 |

ടെണ്ടർ ഫീ ഇനത്തിൽ പഞ്ചായത്തിനു ലഭിക്കുവാനുള്ള തുക എത്രയും വേഗം ലഭ്യമാക്കുവാനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-31 ആദായനികുതി ഈടാക്കിയതിൽ കുറവ്

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസി. എഞ്ചിനീയർ (കല്യാശ്ശേരി ഗ്രാമ പഞ്ചായത്ത്) |
| പ്രോജക്റ്റ് നം/പേര് | 212/20-21<br>വയോജനങ്ങൾക്ക് ജിംനേഷ്യം |
| എസ്ററിമേറ്റ് തുക | 2500000 |
| വൗച്ചർ നംപർ,തീയതി | 22000356 തീയതി 12-1-21 |
| ചെലവ് തുക | 1500000(പാർട്ട്ബിൽ) |
| കരാറുകാരന്റെ പേര് | പാണയിൽ ബിൽഡേഴ്സ് &ഡവലപ്പ്സ് പ്രൈവറ്റ് ലിമിറ്റഡ് |
| എം ബുക്ക് നംപർ | 56/20 |
| കരാർ നംപർ | 63/18-19 |

മരാമത്ത് പ്രവൃത്തികളുടെ ബില്ലുകളിൽ നിന്നും ആദായനികുതിയായി ഈടാക്കുന്ന തുക കരാറുകാരായ വ്യക്തികളിൽ നിന്നും പ്രവൃത്തിമൂല്യത്തിന്റെ 1% ഉം സ്ഥാപനങ്ങളിൽ നിന്നും 2% തുകയുമാണ്. എന്നാൽ മേൽ പ്രവൃത്തി ഏറ്റെടുത്തത് സ്ഥാപനമായിരിക്കെ ബില്ലിൽ നിന്നും ആകെ 1% മാത്രം തുകയാണ് ആദായനികുതി ഇനത്തിൽ ഈടാക്കിയിരിക്കുന്നത്. കോവിഡിന്റെ പ്രത്യേക സാഹചര്യത്തിൽ ജി എസ് ടി തുക 14/5/20 മുതൽ31/3/2021 വരെ യുള്ള ബില്ലുകളിൽ നിന്നും 1.5% തുക ഈടാക്കിയാൽ മതി എന്ന് സെൻടൽ മിനിസ്ട്രി ഓഫ് ഫിനാൻസ് ന്റെ 2020മെയ് 13 ലെ അറിയിപ്പിൽവ്യക്തമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ആദായനികുതി ഇനത്തിൽ താഴേകാണിച്ചവിധം തുക ഈടാക്കേണ്ടതുണ്ട്.വിശദവിവരം ചുവടെകൊടുക്കുന്നു.

| ബിൽ/വൗച്ചർ | ആകെ | ആദായനികുതി | ആദായനികുതി | ബാക്കി |
|---|---|---|---|---|

| നമ്പർ തുക | പ്രവൃത്തി മൂല്യം | ഇനത്തിൽ ഈടാക്കേണ്ട തുക (1.5%) | ഇനത്തിൽ ഈടാക്കിയ തുക | ഈടാക്കേണ്ട തുക |
|---|---|---|---|---|
| 7/12/2020 | 1500000 | 22500 | 15000 | 7500 |

തുക ഈടാക്കി ആദായനികുതി വകുപ്പിൽ ഒടുക്കി വിവരം ലഭ്യമാക്കേണ്ടതാണ്. 2021-22 വർഷം നൽകിയ ഫൈനൽ ബില്ലിൽ നിന്നും കുറഞ്ഞ നിരക്കിൽ തന്നേയാണ് ഈയിനത്തിൽ ഈടാക്കിയത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(19/17-6-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. 2021-22 വർഷത്തിൽ ആദായ നികുതി ഇനത്തിൽ 2% തുക ഈടാക്കേണ്ടതുണ്ട്. കുറവ് വന്ന തുക ഈടാക്കി ഒടുക്കേണ്ടതാണ്.

## 1-32 റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കേണ്ടതാണ്.

ധർമടം ഗ്രാമപഞ്ചായത്ത് 2019-20, 2020-21 വർഷങ്ങളിൽ റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാതെയാണ് റോഡ് വികസന പ്രവർത്തനങ്ങൾക്കായി പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. 29-1-2018-ലെ ജി.ഒ (എം.എസ്) 11/2018/തസ്വഭവ ഉത്തരവ് പ്രകാരമുള്ള പദ്ധതി രൂപീകരണ മാർഗ്ഗരേഖ ഖണ്ഡിക 7.13(1) പ്രകാരം ഗ്രാമപഞ്ചായത്ത് റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ പദ്ധതികൾ രൂപീകരിക്കേണ്ടത്. സമഗ്രമായ പദ്ധതികൾ തയ്യാറാക്കാതെ ചെറിയ ചെയിനേജിലുള്ള ധാരാളം പ്രവർത്തികൾ നടപ്പിലാക്കുന്നത് മൂലം ഫണ്ട് വിനിയോഗം ഫലപ്രദമാകുന്നില്ല. ഇത്തരത്തിൽ കണക്ടിവിറ്റി മാപ്പില്ലാതെയും ചെയിനേജ് വ്യക്തമാക്കാതെയും പദ്ധതി നടപ്പാക്കുന്നത് പ്രവർത്തി നടത്തിപ്പിൽ വ്യക്തത ഇല്ലാതിരിക്കുന്നതിനും ഇരട്ടിപ്പ് ഉണ്ടാകുന്നതിനും പാഴ് ചെലവിനും സാഹചര്യം ഉണ്ടാക്കുന്നു. കൃത്യമായ കണക്ടിവിറ്റി ഉറപ്പ് വരുത്തി സമഗ്രപദ്ധതികൾ തയ്യാറാക്കാതെ ചെറിയ പദ്ധതികൾ നടപ്പിലാക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 18തീയതി 16/6/2022), 2021-22 വർഷത്തിൽ R-Track സംവിധാനം ഉപയോഗിച്ച് റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നുണ്ട് എന്ന മറുപടിയാണ് നൽകിയിട്ടുള്ളത്. ആയത് പ്രകാരമുള്ള തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-33 മരാമത്ത് പ്രവൃത്തികൾ ഒരു ഘട്ടത്തിൽ പോലും ഗുണമേന്മാ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എൽ.എസ്.ജി.ഡി വിഭാഗം മുഖേന നിർവ്വഹിക്കുന്ന മരാമത്ത് പ്രവൃത്തികൾ ഒരു ഘട്ടത്തിൽ പോലും ഗുണമേന്മാ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല എന്നത് പ്രവൃത്തിയുടെ നിർവ്വഹണത്തിലെ ഗുരുതരമായ ഒരു പോരായ്മയാണ്. 2012ലെ കേരള പൊതുമരാമത്ത് മാന്വലിലെ സെക്ഷൻ - 2103 പ്രകാരം ഓരോ പ്രവൃത്തിയും കൃത്യമായ സ്പെസിഫിക്കേഷൻ അനുസരിച്ചാണോ നിർവ്വഹിക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്. ആയതിന് ഫലപ്രദമായ സൂപ്പർവിഷൻ നിർബന്ധമാക്കേണ്ടതും, പ്രവൃത്തിയുടെ ഗുണനിലവാരം പരിശോധനാ വിധേയമാക്കേണ്ടതുമാണ്. ഗുണ പരിശോധനാ ടെസ്റ്റുകളുടെ ലിസ്റ്റ് മുൻകൂട്ടി തയ്യാറാക്കി ടെണ്ടർ രേഖകളോടൊപ്പം ഉൾപ്പെടുത്തേണ്ടതും, ടെസ്റ്റ് റിപ്പോർട്ടുകൾ ഫൈനൽ ബില്ലിനോടൊപ്പം സമർപ്പിക്കേണ്ടതുമാണെന്ന് മാന്വലിൽ നിഷ്കർഷിച്ചിരിക്കുന്നു. മാന്വലിലെ ക്ലോസ് - 2401. 2406 എന്നിവ പ്രകാരം 3 – Tier Quality Monitoring System സർക്കാർ പൊതുമരാമത്ത് വകുപ്പിൽ നിർബന്ധമാക്കിയിട്ടുണ്ട്. GO(Rt) 469/2013/PWD/ തീയതി 30-03-2013-ാം നമ്പർ ഉത്തരവ് പ്രകാരം പി.ഡബ്ല്യൂ.ഡി.യിൽ ക്വാളിറ്റി കൺട്രോൾ സിസ്റ്റം നടപ്പാക്കിയിട്ടുണ്ട്. എൽ.എസ്.ജി.ഡി മുഖേനയുള്ള പ്രവൃത്തികൾക്കും ക്വാളിറ്റി കൺട്രോൾ ടെസ്റ്റ് നടത്തേണ്ടതാണെന്ന് സർക്കാരിന്റെ നിർദ്ദേശം ഉണ്ടായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെയും മാന്വലിന്റെയും അടിസ്ഥാനത്തിൽ പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനാവശ്യമായ ലാബ് ടെസ്റ്റുകൾ മറ്റ് പരിശോധനകൾ എന്നിവയ്ക്കാവശ്യമായ ചെലവുകൾ കരാറുകാർ തന്നെ വഹിക്കേണ്ടതാണെന്ന് ഇ-പ്രൊക്വയർമെന്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇക്കാര്യം കരാർ ഉടമ്പടിയിൽ വ്യവസ്ഥ ചെയ്തിട്ടില്ല. തൻ വർഷം നടപ്പാക്കിയ ഒരു പ്രവൃത്തിയുടെ ഫയലിലും പരിശോധന നടത്തിയതിന്റെ രേഖകൾ ഉൾപ്പെടുത്തിയിട്ടില്ല. പൊതുമരാമത്ത് വകുപ്പിൽ ഗുണനിലവാര പരിശോധനയ്ക്ക് പ്രത്യേകം ലാബ് സൗകര്യങ്ങളും ഉപകരണങ്ങളും പ്രവർത്തന സജ്ജമായിട്ടും എൽ.എസ്.ജി.ഡി വിഭാഗം ഈ വിഷയത്തിൽ യുക്തമായ നടപടികൾ സ്വീകരിച്ചിട്ടില്ല. MORTH, MORD മുതലായ സ്പെസിഫിക്കേഷനുകൾ പ്രകാരമുള്ള ഉയർന്ന നിരക്കുകൾ മരാമത്ത് പ്രവൃത്തികൾക്ക് അനുവദിക്കുമ്പോൾ സ്പെസിഫിക്കേഷൻ പ്രകാരം പ്രവൃത്തികൾ നിർവ്വഹിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടത് അനിവാര്യമാണ്. നാളിതുവരേയും നിർവഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിൽ ഗുണനിലവാര പരിശോധന നടത്തിയിട്ടില്ല എന്ന് ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറിയ്ക്ക് (20/16-6-2022)മറുപടി നൽകിയിട്ടുണ്ട്. 10 ലക്ഷത്തിലധികം അടങ്കലുള്ള ഒന്നിലധികം പ്രവൃത്തികൾ കല്യാശ്ശേരി ഗ്രാമപഞ്ചായത്തിൽ നിർവഹണം നടത്തിയിരിക്കുന്ന സാഹചര്യത്തിൽ പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന ആവശ്യമാണെന്ന് സ്ററാൻഡിംഗ് കമ്മിറ്റിയെ ധരിപ്പിക്കേണ്ടതും ഈ വിഷയത്തിന്മേൽ ഭരണസമിതി തീരുമാനം

കൈക്കൊള്ളേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സാക്ഷ്യപത്രം നൽകുന്നതിനായി കണക്കുകൾ പരിശോധിച്ച തീയതി | സാക്ഷ്യപത്രം നൽകിയതിന്റെ നമ്പർ/ തീയതി |
|---|---|---|
| 2020-21 | 16.062022 മുതൽ<br>18-06-2022 വരെ | കെ.എസ്.എ/കെ.എൻ. ആർ/സി.16/903/22<br>തീയതി: 29.07.2022 |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കല്യാശ്ശേരി ബ്ളാക്ക്പഞ്ചായത്ത് | 2020-2021 | 561000 | 62/20-21<br>നെൽകൃഷി വികസനം | 513400 | 47600 |
| ,, | 2020-2021 | 200000 | 1/20-21<br>ക്ഷീരസംഘങ്ങൾ വഴി വിതരണം ചെയ്യുന്ന പാലിന് അധിക വിലനൽകൽ | 75000 | 125000 |
| ആകെ തുക | | 761000 | | 588400 | 172600 |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 2020-2021 | 1940000 | 196/21 വനിതാ ശാക്തീകരണം | 203204 | 1736796 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| " | 2020-2021 | 51000 | 191/21<br>നെൽകൃഷി വികസനം- വിത്ത്, കൂലി ചെലവ് സബ്സിഡി | 51000 | |
| " | 2020-2021 | 200000 | 1/21<br>ക്ഷീരകർഷകർക്ക് പാലിന് അധിക വിലനൽകൽ | 200000 | 0 |
| " | 2020-2021 | 27000 | 233/21സുഭിക്ഷകേരളം- പച്ചക്കറി തൈ വിതരണം | 27000 | 0 |
| | 2020-2021 | 225000 | 69/21 തരിശുഭൂമി നെൽകൃഷി | 225000 | 0 |
| | 2020-2021 | 2490000 | 217/21 വയോജന വ്യായാമകേന്ദ്രം നിർമ്മാണം | 1500000 | 990000 |
| | 2020-2021 | 375000 | 159/21ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 375000 | 0 |
| | 2020-2021 | 30000 | 231/21 സുഭിക്ഷകേരളം തരിശ്ശ് ഭൂമിയിൽ പച്ചക്കറി കൃഷി | 30000 | 0 |
| | 2020-2021 | 85000 | 66/21 ജൈവ പച്ചക്കറികൃഷിയ്ക്ക് കൂലിചെലവ്<br>സബ്സിഡി | 76500 | 8500 |
| | 2020-2021 | 125000 | 228/21 കന്നുകുട്ടികളെ ദത്തെടുക്കൽ | 125000 | 0 |
| | 2020-2021 | 55200 | 230/21സുഭിക്ഷകേരളം – ബയോഫ്ലോക്ക് | 26406 | 28794 |
| ആകെ തുക | | 5603200 | | 2839110 | 2764090 |

2020-21 ൽ 23/2020-21, 240/20 ലൈഫ് ഭവന നിർമ്മാണം (ജനറൽ) ത്തിന് വേണ്ടി നീക്കിവെച്ച ബ്ലോക്ക് പഞ്ചായത്ത് വിഹിതം 1600000/- രൂപയും 1000000/- രൂപയും ചെലവഴിച്ചിട്ടില്ല. ആയത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ ഫണ്ട് വിവരങ്ങൾ

| വർഷം | നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബില്ല് / വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി തുക |
|---|---|---|---|---|---|---|
| 2020-21 | കെ എസ് ഇ ബി | പ്രൊജക്ട് നം.12/20-21 തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് സ്ട്രീറ്റ് ലൈൻ വലിക്ക | ട്രഷറി റഫ.നമ്പർ 201901520158007909418 തീയതി 9/11/20 | 788478 | 788478 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ /വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും തിരിച്ചടക്കുവാൻ അവശേഷിക്കുന്ന വായ്പാ തുകയുടെയും വിശദ വിവരം ചുവടെ കൊടുക്കുന്നു.

| വായ്പയുടെ പേര് | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കുവാൻ ബാക്കിയുണ്ടായിരുന്ന വായ്പ തുക | ഓഡിറ്റ് വർഷം എടുത്ത വായ്പ | ഓഡിറ്റ് വർഷം തിരിച്ചടവ് തുക | വർഷാവസാനം ബാക്കി |
|---|---|---|---|---|---|
| ലൈഫ് ഭവനപദ്ധതി KURDFC Loan | ജിഒ എംഎസ് 68/2018 എൽ എസ് ജി ഡി തീയതി 18/5/2018 | 1531040 | 0 | 321803 | 1209237 |

## 4-6 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 50,21,000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 5021000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5021000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി /പോസ്റ്റ് ഓഫീസ്....) | തുക |
|---|---|---|
| 1 | മലബാർ ടൂറിസം ഡവലപ്പ്മെന്റ് കോപ്പറേറ്റീവ് ലിമിറ്റഡ് സർട്ടിഫിക്കറ്റ് നമ്പർ 211/28.12.2014 | 20000 |
| 2 | 379/കണ്ണൂർ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ സൊസൈറ്റി ലിമിറ്റഡ് | 1000 |

| | | |
|---|---|---|
| 3 | പി സി ആർ ബാങ്ക് (രസീത് നം.0202011120229/21.08.2019) | 50,00,000 |
| | ആകെ | 50,21,000 |

I-7 ഷെഡ്യൂളിൽ സ്ഥിര നിക്ഷേപങ്ങൾക്കുള്ള പലിശയിനത്തിൽ 400000/- വരവുവന്നതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും B-12 ൽ ആയത് ഉൾപ്പെടുന്നില്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2006-07 | വിഷയാധിഷ്ഠിത അവലോകനം | 2009-10 | 2-3 | ഗ്രാമസഭയിൽ ജനപങ്കാളിത്തം ഉറപ്പ് വരുത്തുന്നില്ല | നിയമ സഭാസമിതിയുടെ പരിഗണനയിൽ |
| 2006-07 | ഭാഗം-1 പൊതു അവലോകനം വികസനഫണ്ട് | 2009-10 | 2-5 | വികസന ഫണ്ട് വിനിയോഗം | നിയമ സഭാസമിതിയുടെ പരിഗണനയിൽ |
| 2015-16 | 2-2 | 2016-17 | 2 | തൊഴിൽ നികുതി | നിയമ സഭാസമിതിയുടെ പരിഗണനയിൽ |

## 4-9 ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 69122714 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 83039207 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 322812 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 52812 | ശ്രീ.രാജേഷ്.സി.കെ, സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |
| 1-25 | 270000 | ശ്രീമതി.രമ.എം.എം, സെക്രട്ടറി,കല്യാശേരി ഗ്രാമപഞ്ചായത്ത് |
| ആകെ തുക | ₹322812 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഇ നം |
|---|---|---|
| 1-6-2 | 5198 | ജി എസ് ടി |
| 1-32 | 7500 | ആദായനികുതി |
| | ₹12698 | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.രാജേഷ്.സി.കെ, സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | അസി.എക്സ്റ്റൻഷൻ ഓഫീസർ, ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസ്, കണ്ണൂർ | ലഭ്യമല്ല |
| ശ്രീമതി.രമ.എം.എം , സെക്രട്ടറി,കല്യാശേരി ഗ്രാമപഞ്ചായത്ത് | സെക്രട്ടറി,കല്യാശേരി ഗ്രാമപഞ്ചായത്ത് | അനയ് നിവാസ്, മുക്കന്ന്, കുപ്പം പി ഒ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരങ്ങൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2004-05 | കെ.എസ്.എ/കെ.എൻ.ആർ/ സി 12/730/2019 തീ. 07.06.2019 | 4 |
| 2006-07 | കെ.എസ്.എ/കെ.എൻ.ആർ/ സി 12/730/2019 തീ. 07.06.2019 | 1 |
| 2008-09 | കെ.എസ്.എ/കെ.എൻ.ആർ/ സി 12/730/2019 തീ. 07.06.2019 | 1 |
| 2009-10 | കെ.എസ്.എ/കെ.എൻ.ആർ/ സി | 2 |

| | | |
|---|---|---|
| | 12/730/2019 തീ. 07.06.2019 | |
| 2010-11,2011-12 | കെ.എസ്.എ/കെ.എൻ.ആർ/ സി 12/730/2019 തീ. 07.06.2019 | 3 |
| 2012-13 | കെ.എസ്.എ/കെ.എൻ.ആർ/ സി 12/730/2019 തീ. 07.06.2019 | 1 |
| 2013-14,2014-15 | കെ.എസ്.എ/കെ.എൻ.ആർ/ സി 12/730/2019 തീ. 07.06.2019 | 2 |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ/ സി 12/730/2019 തീ. 07.06.2019 | 1 |
| 2017-18 | കെ.എസ്.എ./കെ.എൻ.ആർ./സി.12 /2058/18 തീയ്യതി 29.06.2019 | 8 |
| 2018-19 | കെ.എസ്.എ./കെ.എൻ.ആർ./സി.12 /1546/19തീയ്യതി .17.10.19 | 8 |
| 2019-20 | കെ.എസ്.എ./കെ.എൻ.ആർ./സി.12 /618/21 തീയ്യതി 2.7.2021 | 10 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 3

## വാർഷിക ധനകാര്യ പത്രികകൾ

1. RECEIPT & PAYMENT STATEMENT

| Kalliasserry Grama Panchayath RECEIPT & PAYMENT STATEMENT<br>For the period from 01-April-2020 to 31-March-2021 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| 450000000 | Cash and Bank balances | RP-40(a) | 27,727,746.11 |
| 110000000 | Tax Revenue | RP-1 | 1,543,534.00 |
| 140000000 | Fees&User Charges | RP-4 | 724,750.00 |
| 150000000 | Sale & Hire Charges | RP-5 | 830,062.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 48,570,075.00 |
| 171000000 | Interest earned | RP9 | 120,283.00 |
| 190000000 | Prior Period Income | RP-11 | 150,834.00 |
| 210000000 | Establishment expences | RP12 | 4,000.00 |
| 230000000 | Operations&Maintenance | RP-14 | 1,229.00 |
| 254000000 | State Sponserd Schems | RP-19 | |
| 311000000 | Earmarked Funds | RP-28 | 394.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 7,615,785.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 6,230,514.00 |
| 170000000 | Income from Investments | RP8 | 400,000.00 |
| 180000000 | Other Income | RP-10 | |
| 340000000 | Deposits Received | RP-33 | 1,233,601.00 |
| 350000000 | Other Liabilities | RP-35 | 774,079.00 |
| | Total | | 95,926,886.11 |
| 110000000 | Tax Revenue | RP 1 | 1,250.00 |
| 210000000 | Establishment Expenses | RP-12 | 1,911,128.00 |
| 220000000 | Administrative Expenses | RP-13 | 350,646.00 |
| 230000000 | Operations & Maintenance | RP-14 | 1,159,500.00 |
| 240000000 | Interest & Finance Charges | RP-15 | 684.00 |
| 250000000 | Annual Plan - Revenue Expences (Productive Sector) | RP-16 | 8,143,254.00 |
| 251000000 | Annual Plan - Revenue Expences (Service Sector) | RP-17 | 11,926,993.00 |

| | | | |
|---|---|---|---|
| 252000000 | Annual Plan - Revenue Expences (Infrastructure Sector) | RP-18 | 6,300,160.00 |
| 254000000 | State Sponsored Schemes | RP-19 | 100,418.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 79,733.00 |
| 290000000 | Prior Period Item | RP-25 | 28,344.00 |
| 311000000 | Earmarked Funds | RP-28 | 9,000.00 |
| 412000000 | Capital work in progress | RP-39 | 5,864,439.00 |
| 414000000 | Annual Plan - Capital Expences (Service Sector) | RP-41 | 1,886,855.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | RP-42 | 667,686.00 |
| 460000000 | Loans, Advances and Deposits | RP-49 | 1,067,135.00 |
| 340000000 | Deposits Received | RP-33 | 749,180.00 |
| 350000000 | Other Liabilities | RP-35 | 40,475,017.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | RP-40 | 1,394,211.00 |
| 450000000 | Cash and Bank balances | RP-40(b) | 13,811,253.11 |
| | Grand Total | | 95,926,886.11 |

2. INCOME & EXPENDITURE STATEMENT

| kalliassery INCOME & EXPENDITURE STATEMENT<br>For the period from 01-April-2020 to 31-March-2021 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 7,458,446.00 |
| 120000000 | Assigned revenue and compensation | I-2 | 0.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 469,918.00 |
| 140000000 | Fee & User Charges | I-4 | 1,075,156.00 |
| 150000000 | Sale & Hire Charges | I-5 | 831,562.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 12,20,46,259.00 |
| 170000000 | Income from Investments | I-7 | 400,000.00 |
| 171000000 | Interest Earned | I-8 | 120,283.00 |
| 180000000 | Other Income | I-9 | 0.00 |
| | Total Income | | 132,401,624.0 |
| 210000000 | Establishment Expenses | I-10 | 10,292,905.00 |
| 220000000 | Administrative Expenses | I-11 | 1,299,391.00 |
| 230000000 | Operations & Maintenance | I-12 | 2,060,241.00 |

| | | | |
|---|---|---|---|
| 240000000 | Interest & Finance Charges | I-13 | 1,487.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 6,876,226.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 24,760,556.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 9,810,361.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 0.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 68,903,189.00 |
| 255000000 | Maintenance Projects | I-14(E) | 0.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 0.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 614,991.00 |
| 270000000 | Provisions and Write off | I-16 | 0.00 |
| 271000000 | Miscellaneous Expenses on Disposal of Assets and Invenstments | I-17 | 0.00 |
| 272000000 | Depreciation | I-17(A) | 10,732,458.00 |
| B | Total Expenditure | | 135,351,805.0 |
| C=A-B | Gross Surplus/ Deficit of income over Expenditure | | -2,950,181.00 |
| 190000000 | Prior Period income | I-19 | 2,071,083.00 |
| 290000000 | Prior period expense | I-18 | 28,344.00 |
| D | Net Difference | I-19 - I-18 | 2,042,739.00 |
| E=C-D | Gross Surplus/Deficit of Income over Expenditure after prior period items. | | -4,992,920.00 |
| 280000000 | Transfer to Reserve Funds | | |
| Net Balance being surplus / deficit carried over to Balance sheet (Panchayat Fund) | | | |

3. BALANCE SHEET

| KALLIASSERY GramaPanchayat BALANCE SHEET As on 31-March-2021 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| 310000000 | Panchayat (General) Fund | B-1 | 49,160,726.11 |
| 311000000 | Earmarked Funds | B-2 | 3,834.00 |
| 312000000 | Reserves | B-3 | 36,263,258.00 |

| | | | |
|---|---|---|---|
| 320000000 | Grants, Funds and Contributions for specific purposes | B-4 | 10,137,261.00 |
| 330000000 | Secured Loans | B-5 | 1,209,237.00 |
| 331000000 | Unsecured Loans | B-6 | 0.00 |
| 340000000 | Deposits Received | B-7 | 2,005,581.00 |
| 341000000 | Deposit works | B-8 | 0.00 |
| 350000000 | Other Liabilities | B-9 | 2,184,611.00 |
| 360000000 | Provisions | B-10 | 0.00 |
| | Total : | | 100,964,508.1 |
| 410000000 | Fixed Assets | B-11 | 3,054,213.00 |
| 412000000 | Capital Work-in-Progress | B-11(b) | 1,007,295.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | B-11(c) | 2,918,216.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B-11(d) | 8,150,956.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B-11(e) | 80,840,617.00 |
| 416000000 | Accumulated Depreciation | B-11(a) | -34,108,236.00 |
| 420000000 | Investment –General Fund | B-12 | 5,021,000.00 |
| 421000000 | Sundry Debtors # | B-13 | 0.00 |
| 430000000 | Stock in Hand (Inventories) | B-14 | 0.00 |
| 431000000 | Sundry Debtors (Receivables) | B-15 | 17,343,748.00 |
| 432000000 | Accumulated provision against bad and doubtful (Receivables) | B-15(a) | 0.00 |
| 440000000 | Pre-paid Expenses | B-16 | 0.00 |
| 450000000 | Cash and Bank Balance | B-17 | 13,811,253.11 |
| 460000000 | Loans, advances and deposits | B-18 | 2,925,446.00 |
| 461000000 | Accumulated provision against Loans, Advances and Deposits | B-18(a) | 0.00 |
| 470000000 | Other Assets | B-19 | 0.00 |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.00 |
| | Total : | | 100,964,508.1 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.